നിയമ സംസ്കാര കേന്ദ്രത്തിന്റെ

3.00 ക.

# ജനനീതി

ഡിസംബർ 2006

# പരാക്രമം സ്ത്രീകളുടെ നേരെ



*ബംഗളാ പോലീസ് പ്രതിപക്ഷക്കാർക്കെതിരെ നടത്തുന്ന അതിക്രമങ്ങൾക്കിടയിൽ നിർദ്ദോഷിയായ ഒരു വീട്ടമ്മയെ ആക്രമിച്ചപ്പോൾ* (പേജ് 8)

116

# ഫീസ് വർധിപ്പിക്കണമെന്ന് ഡോ: അനന്തമൂർത്തി

സ്വകാര്യവൽക്കരണത്തിന്റെ വേലിയേറ്റം തടയാൻ ഉന്നതവിദ്യാഭ്യാസരംഗത്ത് ഫീസ് വർധിപ്പിക്കണമെന്ന് പ്രസിദ്ധപണ്ഡിതനും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലറുമായ യു.ആർ. അനന്തമൂർത്തി പറയുന്നു. ഫീസ് വർധനക്കെതിരായ പ്രക്ഷോഭണം ശുദ്ധ വിഡ്ഢിത്തമാണെന്നും വിദ്യാഭ്യാസരംഗത്ത് സത്വരപുരോഗതി നേടുന്നതിൽനിന്നും കേരളത്തെ തടയുന്നത് ഈ പ്രക്ഷോഭണമാണെന്നും അദ്ദേഹം കൊച്ചിയിൽ പത്രക്കാരോട് പറഞ്ഞു.

വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസത്തിന്ന് ശരിയായ ഫീസ് നൽകട്ടെ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് ബാങ്ക്ലോണിന് ഏർപ്പാട്ചെയ്താൽമതി എന്ന് അദ്ദേഹം പറഞ്ഞു.

ഉന്നതവിദ്യാഭ്യാസത്തിന്ന് പണം ചെലവാക്കുന്നതിൽനിന്നും സർക്കാർ പിൻമാറാൻ പാടില്ലെന്ന് അനന്തമൂർത്തി പറയുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം ഗവർമ്മേണ്ടിന്റെ കീഴിലാകണം. ഫീസ് വർധിപ്പിച്ച് ഗവർമ്മേണ്ട്കോളേജ് നിലനിർത്തണം. സ്വകാര്യവൽക്കരണം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കും. രണ്ടു മേഖലകളിൽ സ്വകാര്യവൽക്കരണം അനുവദിക്കാനേ പാടില്ല – ചികിത്സാരംഗത്തും വിദ്യാഭ്യാസരംഗത്തും.

പ്രൈമറി വിദ്യാഭ്യാസം ഗുണമേന്മയുള്ളതായിരിക്കേണ്ടതിന്റെ ആവശ്യകത ഡോ: അനന്തമൂർത്തി ഊന്നിപ്പറഞ്ഞു. ഒന്നാം ക്ലാസ് മുതൽതന്നെ കുട്ടികൾ ഇംഗ്ലീഷ് പഠിക്കണം. അധ്യയനമാധ്യമം മലയാളമായിരിക്കണം. എന്നാൽ ഇംഗ്ലീഷ് സംസാരിക്കാൻ കുട്ടികൾ പഠിച്ചിരിക്കണം എന്ന് അദ്ദേഹം പറഞ്ഞു.

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം പി.എസ്സ്.സി. യുടെ റാങ്ക് ലിസ്റ്റിൽ നിന്നാകണമെന്ന തന്റെ നിർദ്ദേശം അദ്ദേഹം ആവർത്തിച്ചു. മാനേജ്മെന്റുകൾക്ക് ആരെ വേണമെങ്കിലും നിയമിക്കാം. പക്ഷെ പി.എസ്സ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നാകണം അവർ. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്താൻ അത് ആവശ്യമാണ് എന്നദ്ദേഹം പറഞ്ഞു.

ശാസ്ത്രവിഷയങ്ങളേയും മാനവിക വിഷയങ്ങളേയും കേരളംപാടെ അവഗണിച്ചുവരുന്നതായി അനന്തമൂർത്തി ആക്ഷേപിച്ചു. ശാസ്ത്ര – മാനവിക വിഷയങ്ങളിൽ ബിരുദം നേടിയവർക്കുമാത്രമേ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം അനുവദിക്കാവൂ എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

❑

## പ്രതികരണം

എം.പി. മാരുടെ ശമ്പളവും ബത്തയും സംബന്ധിച്ച് ഒക്ടോബർ ലക്കം "ജനനീതി"യിൽവന്ന എരാ ചെഴിയന്റെ ലേഖനം വളരെ നന്നായി. പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യമാണല്ലോ അത്. അപ്രകാരം നമ്മുടെ എം.എൽ.എ.മാരുടെ ശമ്പളം, ബത്ത തുടങ്ങിയവ വിശദീകരിച്ചിട്ടുണ്ട്. ഒരു ലേഖനം പ്രസിദ്ധീകരിക്കുന്നതും നന്നായിരിക്കും. കാര്യജ്ഞാനമുള്ളവർ ചെയ്യേണ്ട കടമയാണത്.

**കെ.പി. പോളി**
ഇരിങ്ങാലക്കുട

വിവരാവകാശ നിയമത്തെക്കുറിച്ചുള്ള ജനനീതിയുടെ ബോധവൽക്കരണത്തിന്നു നന്ദി. ചേർത്തലയിലെ കരപ്പുറം മിഷൻ യു.പി. സ്കൂളിലെ സഞ്ചയികാപദ്ധതി, സ്കൂൾസ്വത്തിന്റെ വിനിയോഗം എന്നിവ സംബന്ധിച്ച് ഡി.ഇ.ഒ.ക്കും ഡി.ഡി.ഇ.ക്കും പരാതികൊടുത്തിട്ട് ഒരു മറുപടിയും ലഭിച്ചില്ല. ഈ നിയമം പരാജയപ്പെടുത്താൻ ഉദ്യോഗസ്ഥൻമാരുടെ ഒരു കൂട്ടായ്മ രൂപം കൊള്ളുന്നുണ്ടെന്നുവേണം അനുമാനിക്കാൻ.

**കെ.ജെ. സിൻഹ**
ചേർത്തല.

ജനനീതി

ഡിസംബർ 2006
**116**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# കൊല്ലാനും ജയിക്കാനും വേണ്ടി നടത്തിയ ഒരു വിചാരണ

**കേ**സിന്റെ വിചാരണ ആരംഭിക്കുന്നതിനു മുമ്പുതന്നെ ശിക്ഷ തീരുമാനിച്ചുകഴിഞ്ഞ ഒരു കേസായിരുന്നു ഇറാഖി പ്രസിഡന്റായിരുന്ന സദ്ദാം ഹുസൈനിന്നെതിരെ ബാഗ്ദാദിലെ ട്രബ്യൂണലിൽ വിചാരണക്കുവന്നത്. സദ്ദാമിന് വധശിക്ഷ വിധിക്കുമെന്നകാര്യത്തിൽ ലോകത്തിലാർക്കെങ്കിലും സംശയമുണ്ടായിരിക്കാനിടയില്ല. എന്നാൽ അധികം പേർക്കൊന്നും അറിവില്ലാതിരുന്ന ഒരുകാര്യമുണ്ട്. വധശിക്ഷ വിധിക്കുന്ന തിയ്യതിതന്നെ മുൻകൂട്ടി നിശ്ചയിച്ചിരുന്നു എന്നതാണത്. നവംമ്പർ ഏഴാം തിയ്യതിയാണ് അമേരിക്കയിലെ തിരഞ്ഞെടുപ്പ്. അതിനാൽ നവംമ്പർ അഞ്ചാം തിയ്യതി തന്നെ വിധി പറയാൻ നിശ്ചയിച്ചിരുന്നു. പ്രസിഡന്റ് ബുഷിന്റെ ഒഴിച്ചു കൂടാത്ത ആവശ്യമായിരുന്നു അത്. 2004 ൽ ബുഷ് വീണ്ടും പ്രസിഡണ്ടായത് ഇറാഖ് യുദ്ധം അമേരിക്കക്കാരിലുളവാക്കിയ യുദ്ധപ്പനിയുടെ പിൻബലത്തോടെയായിരുന്നു. എന്നാൽ ഇപ്പോൾ ജനങ്ങൾ കാര്യം മനസ്സിലാക്കിക്കഴിഞ്ഞു. ഇറാഖ് ഇന്ന് ബുഷിന്റെ കഴുത്തിൽ കെട്ടിയിട്ട ഒരമ്മിക്കല്ലാണ്. എങ്കിലും പോളിങ്ങിന്റെ തലേ ദിവസം സദ്ദാമിന്റെ വധശിക്ഷയറിഞ്ഞാൽ അമേരിക്കക്കാർ വീണ്ടും തന്റെ ചേരിയിലെത്തുമെന്ന് ബുഷ് കരുതിയിരുന്നു.

# സദ്ദാമിന്റെ വിചാരണയും മനുഷ്യാവകാശ പ്രശ്നവും

ഇറാഖിലെ പ്രസിഡണ്ടായിരുന്ന സദ്ദാം ഹുസൈനിന്ന് അവിടത്തെ ഇപ്പോഴത്തെ പാവഗവർമ്മേണ്ട് സംഘടിപ്പിച്ച ഒരു ട്രബ്യൂണൽ വധശിക്ഷ വിധിച്ചിരിക്കുകയാണ്. സദ്ദാം കുറ്റക്കാരനാണോ അല്ലയോ എന്നത് ഇവിടത്തെ ചിന്താവിഷയമല്ല. പ്രതി സാക്ഷാൽ ഹിറ്റ്ലറായാൽ പോലും നിയമാനുസൃതമായ ഒരുകേസ് വിചാരണക്കും നീതിക്കും ന്യായത്തിനും നിരക്കുന്ന ഒരു വിധി പ്രഖ്യാപനത്തിനും അവകാശമുണ്ട്. എന്നാൽ സദ്ദാംഹുസൈനിന്റെ കാര്യത്തിൽ ഇതൊന്നുമുണ്ടായിട്ടില്ല. സദ്ദാമിന്നെതിരായി നടന്ന കേസ്‌വിചാരണ വെറുമൊരു പ്രഹസനമായിരുന്നു.

സുപ്രീം ഇറാഖി ക്രമിനൽ ട്രബ്യൂണൽ (SICT) എന്നൊരു കോടതിയാണ് സദ്ദാമിനേയും കൂട്ടുകാരേയും വിചാരണചെയ്യുന്നത്. അമേരിക്കയുടെ പാവ ഗവർമ്മേണ്ട് നിയമിച്ച ട്രബ്യൂണലാണിത്. ഈ ട്രബ്യൂണലിലെ ജഡ്ജിമാർക്ക് ⇨

### *കൊല്ലാനും ജയിക്കാനും വേണ്ടി ........*

ഇത് ഊഹമല്ല. ഇറാഖി കോടതി തന്നെ അനിഷേധ്യമായ തെളിവ് ലോകസമക്ഷം അവതരിപ്പിക്കുന്നുണ്ട്. സദ്ദാമിനെ വിചാരണചെയ്യാനുള്ള ട്രബ്യൂണലിന്റെ വ്യവസ്ഥകൾ പ്രകാരം കേസിന്റെ വിചാരണ കഴിഞ്ഞാൽ, പ്രതിഭാഗം വക്കീലിന് തന്റെ ന്യായവാദങ്ങൾ എഴുതി സമർപ്പിക്കാൻ അവകാശമുണ്ട്.എന്നാൽ സദ്ദാമിന്റെ വക്കീലിന് അതിനുള്ള അവസരം നൽകിയില്ല. കാരണം, അമേരിക്കൻ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, നവംബർ അഞ്ചാംതിയ്യതി തന്നെ വധശിക്ഷ പ്രഖ്യാപിക്കേണ്ടതുണ്ടായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യുദ്ധ കുറ്റവാളികളെ വിചാരണചെയ്യാൻ ന്യൂറം ബർഗിൽ ഒരു അന്താരാഷ്ട്രകോടതി ഏർപ്പെടുത്തിയിരുന്നു. സദ്ദാമിന്നെതിരായകേസും അത്തരമൊരു അന്താരാഷ്ട്രകോടതിയുടെ പരിഗണനക്കു സമർപ്പിക്കണമെന്ന ആവശ്യം അമേരിക്ക നിരാകരിക്കുകയാണുണ്ടായത്. അതിന്നു പകരം അമേരിക്കയുടെ പാവയായ ഇറാഖി ഗവർമ്മേണ്ട് ഒരു പാവ ട്രബ്യൂണലിനെ നിയോഗിക്കുകയാണുണ്ടായത്. പാവപോലും തങ്ങളുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നില്ലെന്നു കണ്ടതിനാൽ, രണ്ടുതവണ ജഡ്ജിയെ മാറ്റി നിയമിക്കുകയുണ്ടായി. അതിന്നും പുറമെ സദ്ദാമിനുവേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകരിൽ രണ്ടുപേർ അജ്ഞാതരാൽ വധിക്കപ്പെടുകയും ചെയതു.

ലോകാഭിപ്രായത്തെയെല്ലാം ധിക്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന അമേരിക്ക സദ്ദാമിനെ വധിച്ചുവെന്നുവരാം. എത്രയോ ലോകനേതാക്കളുടെ ചുടുചോര പുരണ്ട കൈകളാണ് അമേരിക്കയുടേത്. അതിനേക്കാൾ വലിയൊരു അക്രമമൊന്നുമാകില്ല സദ്ദാമിന്റെ വധം.

ഒരു രാജ്യത്തിന്റെ നേരെ നടത്തുന്ന കടന്നാക്രമണമാണ് ഏറ്റവും വലിയ അന്താരാഷ്ട്ര പാതകമെന്ന് ന്യൂറം ബർഗ് കോടതി വിധിച്ചിരുന്നു. ആ നിലക്ക് ആറുലക്ഷത്തിൽ പരം ഇറാഖികളുടെ മരണത്തിന്നിടയാക്കിയ, അമേരിക്കയുടെ ഇറാഖി ആക്രമണത്തിന്റെ മുന്നിൽ സദ്ദാമിന്റെ തെറ്റുകൾ നിഷ്പ്രഭമായിപ്പോകുന്നു. ❑

ഈ കേസ് നടത്താനുള്ള യോഗ്യതയില്ലെന്ന് ഇറാഖിഗവർമ്മേണ്ട് തന്നെ സമ്മതിക്കുന്നു. അതുകൊണ്ടാണ് അവരെ "പരിശീലന"ത്തിന്നായി ലണ്ടനിലേക്കയച്ചത്.

ട്രബ്യൂണലിലെ കേസ് വിചാരണ തികച്ചും പക്ഷപാതപരമാണെന്നുകണ്ട് ഐക്യരാഷ്ട്രസമിതി ഇടപെട്ടിരുന്നു. സ്വേഛാപരമായ തടങ്ങലുകൾക്കെതിരായ ഐക്യരാഷ്ട്ര വർക്കിങ് ഗ്രൂപ്പ്, ഇപ്പോൾ നടന്നുവരുന്ന വിചാരണ നിർത്തിവയ്ക്കണമെന്നും കേസിന്റെ വിചാരണ ഒരു അന്താരാഷ്ട്ര ട്രബ്യൂണലിന് വിടണമെന്നും സെപ്തമ്പറിൽ ആവശ്യപ്പെട്ടിരുന്നു. സദ്ദാമിനെ തടങ്ങലിൽ വച്ചിരിക്കുന്നത് സ്വേഛാപരമാണെന്നും അത് പൗരാവകാശങ്ങൾ സംബന്ധിച്ചും രാഷ്ട്രീയാവകാശങ്ങൾ സംബന്ധിച്ചുമുള്ള അന്താരാഷ്ട്ര കരാറിന്റെ ലംഘനമാണെന്നും ഐക്യരാഷ്ട്രസമിതി ചൂണ്ടിക്കാട്ടിയിരുന്നു.

തടവുകാരന് തന്റെ ഭാഗം വാദിക്കാൻ അഭിഭാഷകരെ നിയോഗിക്കുന്നതിന്ന് അവകാശമുണ്ട്; നീതിപൂർവ്വമായ ഒരു വിചാരണക്കും അവകാശമുണ്ട്. സ്വതന്ത്രവും നിഷ്പക്ഷവുമായൊരു കോടതിയിൽ കേസിന്റെ വിചാരണ നടത്തേണ്ടതുണ്ട്. എന്നാൽ സദ്ദാമിന്റെ ഈ അവകാശങ്ങളെല്ലാം ധ്വംസിക്കപ്പെട്ടിരിക്കുകയാണ്. സദ്ദാമിന്റെ വിചാരണ നടത്തുന്ന ട്രബ്യൂണലിലെ പ്രധാന ജഡ്ജിയെ രണ്ടുതവണ മാറ്റി നിയമിക്കുകയുണ്ടായി. രാഷ്ട്രീയ സമ്മർദ്ദം മൂലമാണ് ജഡ്ജിമാരെ മാറ്റിയത്. സദ്ദാമിന് വധശിക്ഷവിധിച്ച ജഡ്ജി കോടതിക്കു പുറത്തുവച്ചു നടത്തിയ പല പ്രസ്താവനകളും അദ്ദേഹം നിഷ്പക്ഷനല്ലെന്ന് തെളിയിച്ചിട്ടുണ്ട്.

ട്രബ്യൂണലിലെ മറ്റ് ജഡ്ജിമാർ ആരെല്ലാമാണെന്നകാര്യംപോലും ആർക്കും അറിവില്ലെന്നതാണ് മറ്റൊരു വൈചിത്ര്യം. ഇവർ ജഡ്ജിമാരാകാൻ യോഗ്യരാണോ എന്നുപോലും അറിയില്ല.

സദ്ദാമിന് തന്റെ ഭാഗം വാദിക്കാൻ വേണ്ട ഒരുക്കം നടത്തുന്നതിന് വേണ്ടത്ര സമയമോ സൗകര്യമോ നൽകിയില്ലെന്നും ഐക്യരാഷ്ട്രസമിതി കുറ്റപ്പെടുത്തിയിട്ടുണ്ട്. സദ്ദാമിന് ഇഷ്ടമുള്ള പ്രഗത്ഭരായ വക്കീൽമാരെ തിരഞ്ഞെടുക്കാൻ അനുമതി നൽകിയില്ല. വക്കീൽമാരുമായുള്ള കൂടിയാലോചനയുടെ സമയത്ത് അമേരിക്കൻ ഉദ്യോഗസ്ഥൻമാർ സന്നിഹിതരാകുന്നതും നിയമവിരുദ്ധമായിരുന്നു. കേസിന്റ വിചാരണ നടക്കുന്നതിന്നിടയിൽ സദ്ദാമിന്റെ രണ്ടു അഭിഭാഷകരെ വധിച്ചതും സദ്ദാമിന്റെ അവകാശലംഘനമാണെന്ന് ഐക്യരാഷ്ട്ര സമിതി ചൂണ്ടിക്കാട്ടുന്നു.

ഇതിനെല്ലാം പുറമെ, സദ്ദാമിന്നെതിരായി പല സാക്ഷികളും തെളിവു നൽകി. എന്നാൽ സദ്ദാമിന്നനുകൂലമായി തെളിവുനൽകാൻ സാക്ഷികൾക്ക് അനുമതി നൽകിയില്ല. സദ്ദാമിന്നതിരായി നൽകിയ തെളിവുകൾ എന്തെല്ലാമാണെന്ന് കോടതി വെളിപ്പെടുത്തിയില്ല. സദ്ദാമിന്റെ വക്കീൽ നടത്തിവന്നിരുന്ന വാദം പെട്ടെന്ന് തടയുകയും കേസ് അവസാനിപ്പിക്കുകയും ചെയ്ത നടപടിയും തെറ്റാണെന്ന് ഐക്യരാഷ്ട്ര സമിതി ചൂണ്ടിക്കാട്ടി.

കേസിന്റെ വാദം തീരുമ്പോൾ പ്രതിക്ക് തന്റെ ഭാഗം രേഖാമൂലം എഴുതി സമർപ്പിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ സദ്ദാമിന് അതിന്നവസരം നൽകാതെ കോടതി പെട്ടെന്ന് വിധി പറയുകയാണുണ്ടായത്.

അന്താരാഷ്ട്ര നിയമങ്ങളേയും ലോകാഭിപ്രായത്തേയും ധിക്കരിച്ചുകൊണ്ട് ഇറാഖിനുനേരെ ആക്രമണം നടത്തിയവരുടെ അതിക്രമത്തിൽനിന്നും ശ്രദ്ധതിരിച്ചുവിടാൻവേണ്ടിയാണ് സദ്ദാമിനെ കഴുമരത്തിൽ കയറ്റുന്നതെന്ന് വ്യക്തം. ❏

# ഗുജറാത്തിലെ അതിവേഗ കോടതിയിൽ ഒരുദിവസം

**- നവാസ് കൊത്‌വാൾ -**

നമ്മുടെ കോടതികളിൽ നീതി എന്നും "നാളെ"യാണ്. അത് ഒരിക്കലും എത്തില്ല.

ഇതാ ഗുജറാത്തിലൊരു അതിവേഗ കോടതി. ഞങ്ങളുടെ കേസ് തുടങ്ങിയത് 2004 ആദ്യത്തിലാണ്. ഇതിന്നകം മുന്നു ജഡ്ജിമാർ വന്നു; പോയി. നാലാമത്തെ ജഡ്ജിയാണ് ഇന്ന് കേസ് വിചാരണക്കെടുക്കുന്നത്. ഈ ജഡ്ജി എത്തിയിട്ട് രണ്ടുമാസമായി. എന്നാൽ ഞങ്ങളുടെ കാര്യത്തിൽ പ്രവേശിക്കാൻ സമയം കിട്ടിയിട്ടില്ല. ഒരുപക്ഷെ കടലാസുകൾ നോക്കിക്കഴിഞ്ഞിരിക്കില്ല; ഒരു പക്ഷേ കടലാസൊക്കെ നഷ്ടപ്പെട്ടിട്ടുണ്ടാകാം; ഒരു പക്ഷെ മറ്റു തിരക്കുണ്ടാകാം. ഒന്നുകിൽ ഇത്; അല്ലെങ്കിൽ അത്. നമുക്ക് ഊഹിക്കാനേ കഴീയൂ. രണ്ടാഴ്ചമുമ്പ് സാക്ഷികളെല്ലാം ഹാജരായിരുന്നതാണ്; പക്ഷേ ബഹുമാനപ്പെട്ട കോടതി കേസ് വിളിച്ചില്ല. ഇന്ന് അന്വേഷണ ഉദ്യോഗസ്ഥനും ഒരു സാക്ഷിയും ജോലിയെല്ലാം മാറ്റിവച്ച് ഹാജരായിട്ടുണ്ട്.

ഇന്നു ഞാൻ അല്പം വൈകിയാണെത്തിയത്. പരിഭ്രമമുണ്ടായിരുന്നു. ഞാനെത്തിയപ്പോൾ സാക്ഷി എത്തിയിട്ടില്ല. അന്വേഷണോദ്യോഗസ്ഥനേയും കാണാനില്ല. ബഹുമാനപ്പെട്ട ജഡ്ജി എത്തി. അദ്ദേഹം ചേമ്പറിലേക്ക് പോകുന്നതുകണ്ടു. ശിപായിമാരും ക്ലർക്കുമാരും അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ട്. അവരുടെ കയ്യിൽ ഫയൽ കെട്ടുകളുണ്ട്. പെട്ടികളുണ്ട്. ടിഫിൻ കാരിയറുണ്ട്. ജഡ്ജി പിൻഭാഗത്തുള്ള ചേമ്പറിലേക്ക് പോകുന്നതു കണ്ടു. അവിടെയിരുന്ന് പത്രം വായിക്കുന്നത് കർട്ടന്നിടയിൽ കൂടി കാണാം. ക്ലാർക്ക് വിളമ്പികൊടുക്കാൻ ബഹുമാനത്തോടെ ഒതുങ്ങി നിൽക്കുന്നു. പത്രവായന കഴിഞ്ഞു; ഊണു കഴിഞ്ഞു; അല്പനേരം വിശ്രമിച്ചു. ഫയൽ തുറന്നിട്ടില്ല. നൂറോളം പേർ കോടതിയിൽ കാത്തുനിൽക്കുന്നുണ്ട്.

ജഡ്ജി എത്തി. ഞാൻ അന്വേഷണോദ്യോഗസ്ഥന്റെ നേരെ നോക്കി. ഇന്ന് സാക്ഷി പറയേണ്ടത് അദ്ദേഹമാണ്. ഞാനെന്റെ സാക്ഷിയെ അടുത്തു നിർത്തി.

കോടതി നടപടികൾ ആരംഭിച്ചു. ഇന്നത്തെ കേസുകളിൽ ഏതാണ്ട് നടുവിലാണ് ഞങ്ങളുടെ കേസ്. ഒരു കേസ് നമ്പർ വിളിച്ചുപറയുന്നു. രണ്ടോ മൂന്നോ വക്കീൽമാർ ചാടിയെണീക്കുന്നു. പിന്നിലെവിടേയോ നിൽക്കുന്ന കക്ഷികളെ മാടിവിളിക്കുന്നു. ചിലർ തിക്കിതിരക്കി കയറിവരുന്നു. ക്ലർക്കും ടൈപ്പിസ്റ്റും ജഡ്ജിയും കൂടി എന്തോ പിറുപിറുക്കുന്നുണ്ട്; ഒരു കലണ്ടർ പരിശോധിക്കുന്നു;"അടുത്ത തിയ്യതി"എന്നു കേട്ടു. ഇതിന്നിടയിൽ പരാതിക്കാരനും സാക്ഷികളും മുന്നോട്ടുവന്നു കഴിഞ്ഞു; അതോടെ തീർന്നു. ഒരു മാസത്തിന്നുശേഷമുള്ള ഒരു തിയ്യതിയിലേക്ക് കേസ് നീട്ടി. എല്ലാവരും "ബഹുമാനപ്പെട്ട കോടതി"യെ വണങ്ങി പുറത്തുപോകുന്നു.

ഈ കേസിൽ ഒരുപക്ഷേ 30 സെക്കന്റ് കോടതിക്ക് ചെലവായിക്കാണണം; സാക്ഷികൾക്കാകട്ടെ ഒരു പക്ഷെ 30 മണിക്കൂറും ചെലവായിട്ടു

ണ്ടാകണം. കേസിന് ഒരുങ്ങൽ, വക്കീലിനെ ഓടിച്ചിട്ടുപിടിക്കൽ; സ്വന്തം ജോലിയിൽ നിന്ന് ഒഴിവുകിട്ടാൻ ബഡായി പറയൽ; കോടതിയിലെത്താൻ മാർഗ്ഗമുണ്ടാക്കൽ. അതിന്നും പുറമെ കൂറെ പണവും കണ്ടെത്തണം. വക്കീൽ ഫീസിന്ന്; രേഖകളുടെ പകർപ്പെടുക്കാൻ; സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ; യാത്രാസൗകര്യം ഏർപ്പെടുത്താൻ. കോടതിയുടെ അരമനിട്ടിന്റെ നീതിന്യായത്തിന്നുവേണ്ടിയാണിതൊക്കെ.

ഉച്ചയായപ്പോഴേക്കും ആകെ രണ്ടു കേസാണ് വിചാരണക്കെടുത്തത്. ഓരോന്നും ഏതാണ്ട് പത്തുമിനിട്ട് വീതം നീണ്ടു നിന്നു. ഞങ്ങളുടെ കേസെടുത്തത് ഉച്ചഭക്ഷണത്തിന്നു ശേഷമാണ്. പ്രതിഭാഗം വക്കീലില്ല; പ്രോസിക്യൂട്ടറും വന്നിട്ടില്ല. കേസ് നീട്ടാനുള്ള ഒരു ഹർജി പ്രതി കോടതിക്കു നൽകുന്നു. പ്രതിഭാഗംവക്കീലിന് സുഖമില്ലത്രേ. ജഡ്ജി ചുറ്റും നോക്കി പ്രോസിക്യൂട്ടറെ വിളിക്കുന്നു. പ്രോസിക്യൂട്ടർ എവിടെനിന്നോ ഓടിവന്നു. കേസ് നീട്ടരുതേ എന്ന് ജഡ്ജിചോദിക്കുന്നു വക്കീൽ തലയാട്ടുന്നു. അടുത്ത തവണ തീർച്ചയായും ഹാജരാകണമെന്ന് ജഡ്ജി പ്രതിയോട് പറയുന്നു.

കേസിന്റെ അടുത്ത തിയ്യതി നിശ്ചയിക്കാനുള്ള തിരക്കായി പിന്നീട്. കേസിൽ വിചാരണ തടവുകാരുണ്ട്. അതിനാൽ കേസ് അധികം ദിവസത്തേക്ക് നീട്ടാൻ പറ്റില്ല. ഒടുവിൽ 13 ദിവസത്തിന്നുശേഷം കേസെടുക്കാൻ തീരുമാനിക്കുന്നു. അതുകേട്ട ഉടനെ അന്വേഷണോദ്യോഗസ്ഥൻ ചാടിയെണീററു. ഇത് ഉത്സവക്കാലമാണ്. ക്രമസമാധാന പാലനത്തിന്നുപോകണം അതിനാൽ അന്നു കോടതിയിൽ ഹാജരാകാൻ പറ്റില്ല. ഈ കേസിനുവേണ്ടി ഇതിനുമുമ്പ് മൂന്നു തവണ കോടതിയിൽ വന്നതാണെന്ന് ഉദ്യോഗസ്ഥൻ ചൂണ്ടിക്കാട്ടി. ഏതായാലും പുതിയ തിയ്യതിയിൽ വരാൻ പറ്റില്ലെന്ന് തീർച്ച. ജഡ്ജി ധർമ്മസങ്കടത്തിലായി. വിചാരണത്തടവുകാർ ഉൾപ്പെട്ട കേസാകയാൽ കേസ് അധികം നീട്ടാനാവില്ല. അപ്പോഴേക്കും മണി4 ആയി. കോടതി പിരിഞ്ഞു ഞങ്ങൾ ഉച്ചക്ക് 11 മണിക്കു വന്നുനിൽക്കുന്നതാണ്. ഇതിന്നിടയിൽ ഒരു കപ്പ് ചായ മാത്രമേ അകത്താക്കാൻ പറ്റിയുള്ളൂ. വീട്ടിലേക്കു മടങ്ങുമ്പോൾ എന്റെ സാക്ഷി സംശയങ്ങളുടെ കെട്ടഴിച്ചു –

വേഗകോടതി എന്നു പറഞ്ഞാൽ കേസുകൾ വേഗം നീട്ടികൊടുക്കുന്ന കോടതിയാണോ? എന്തുകൊണ്ടാണ് പ്രോസിക്യൂട്ടർ കോടതിയിൽ ഹാജരാകാത്തത്? എന്തുകൊണ്ടാണ് പ്രതിഭാഗം വക്കീൽ കോടതിയിൽ ഹാജരായി പ്രതിക്കുവേണ്ടി വാദിക്കാതിരുന്നത്? അന്വേഷണ ഉദ്യോഗസ്ഥന്റെ സൗകര്യം പോലെയാണോ കോടതി കേസുകൾ എടുക്കുക? ജഡ്ജിമാരെന്താണ് യഥാസമയം കോടതിയിലെത്താത്തത്? ഓരോതവണയും കോടതിയിൽ ഹാജരാകാൻ തനിക്കെത്ര ചെലവുവരുന്നുണ്ടെന്ന് ജഡ്ജിയെ നേരിട്ടു കണ്ടുബോധിപ്പിക്കാൻ തനിക്കാവുമോ എന്നയാൾ ചോദിക്കുന്നു.

ഞാൻ അന്തംവിട്ട് സാക്ഷിയെ നോക്കിനിന്നു. ഇയാൾ ഇപ്പോഴും ഈ നീതിന്യായ സംവിധാനത്തിൽ വിശ്വസിക്കുന്നുണ്ടോ? അയാളുടെ കണ്ണുകൾ തെളിഞ്ഞതും സത്യസന്ധവുമാണ്. നാളെ നീതി ലഭിക്കുമെന്ന് അയാൾ വിശ്വസിക്കുന്നു.

(ഗുജറാത്ത് കലാപത്തിന്നിരയായവരെ സഹായിക്കാൻ രൂപീകൃതമായ കോമൺവെൽത്ത് ഹ്യൂമൺറൈറ്റ്സ് ഇനീഷ്യേറ്റീവിന്റെ പ്രവർത്തകനാണ് ലേഖകൻ.) ❑

# നീതിയും നിയമവുമില്ലാത്ത ബംഗ്ലാദേശം



ബംഗ്ലാദേശിലെ ജനങ്ങൾ അല്പം നീതിക്കുവേണ്ടി പോരാടികൊണ്ടിരിക്കുകയാണ്. നിയമം കോടതി എന്നിവയെല്ലാം അധികാരത്തിലിരിക്കുന്നവരുടെ കൈകളിലെ പാവകളാണവിടെ. ഭരണഘടനയിലെ 46ാം വകുപ്പനുസരിച്ച് ഒരു ഉദ്യോഗസ്ഥനെതിരായും ഒരു കാരണവശാലും പ്രോസിക്യൂഷൻ പാടില്ല. ബംഗളാ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളെടുക്കുന്നത് തടയാൻ ലക്ഷ്യമാക്കിയാണ് ഈ വ്യവസ്ഥകളുണ്ടാക്കിയതെങ്കിലും, ഇന്ന് അത് മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ നടപടിയെടുക്കുന്നത് തടയാനാണ് ഉപയോഗപ്പെടുത്തിവരുന്നത്.

ഭരണഘടനയുടെ 22-ാം വകുപ്പ് സ്വതന്ത്രമായൊരുനീതിന്യായ വിഭാഗം വേണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. ബംഗ്ലാദേശിലെ നീതിന്യായവിഭാഗം മൂന്നുതട്ടുകളായാണ് വർത്തിക്കുന്നത്. (1) മജിസ്രേട്ട് കോടതി(2) ജില്ലാ കോടതി (3) സുപ്രീം കോടതി. (ഹൈക്കോടതി, അപ്പീൽകോടതി എന്നിങ്ങനെ രണ്ടു ഭാഗങ്ങളടങ്ങിയതാണ് ബംഗ്ലാദേശിലെ സുപ്രീംകോടതി)

ഒരു പരാതിക്കാരൻആദ്യം മജിസ്ത്രേട്ട് കോടതിയിൽ പരാതി സമർപ്പിക്കണം. ഈ മജിസ്ത്രേട്ട് പൂർണ്ണമായും ഗവർമ്മേണ്ടിന്റെ നിയന്ത്രണത്തിലുള്ളതാണ്. (ഇന്ത്യയിലെ കലക്ടർമാരുടെ സ്ഥാനത്തിനു തുല്യമാണ് ഇവരുടെ പദവി എന്നു പറയാം) ഗവർമ്മേണ്ടിന് അഹിതകരമായ കേസെല്ലാം ഇവിടെ വച്ചുതന്നെ വലിച്ചെറിയും. ഇതിന്നപ്പുറം ജില്ലാകോടതിയാണ്. ഇവിടേയും പൗരന് രക്ഷയില്ല. ജില്ലാകോടതിയിലെ ജഡ്ജിയെ ജഡ്ജി എന്നു പറയുന്നത് അസംബന്ധമാണ്. ഇവരെ റിക്രൂട്ട് ചെയ്യുന്നതും നിയമിക്കുന്നതും പ്രമോഷൻ നൽകുന്നതുമെല്ലാം നിയമകാര്യാലയമാണ്. ഒരു സർക്കാർ ജീവനക്കാ

രനിൽകവിഞ്ഞ ആരുമല്ല ഈ ജഡ്ജിമാർ. ബംഗ്ളാദേശിൽ ഇന്ന് രാഷ്ട്രീയ സ്വാധീനത്തിന്ന് അതീതമായി നിൽക്കുന്ന ഒരേ ഒരു സ്ഥാപനം സുപ്രീംകോടതി മാത്രമാണ്.

1971 ൽബംഗ്ളാദേശം നിലവിൽ വന്ന ശേഷംമുണ്ടായ കുഴപ്പങ്ങൾക്കും ഒമ്പതു കൊല്ലത്തെ പട്ടാള ഭരണത്തിന്നുംശേഷം 1991 ലാണ് ബംഗ്ളാദേശിൽ യഥാർത്ഥത്തിലൊരു പൊതുതെരഞ്ഞെടുപ്പു നടന്നത്. ബീഗം ഖലീദയുടെ നേതൃത്വത്തിലുള്ള ബംഗളാ നാഷൻ പാർട്ടിയും (ബി.എൻ. പി.) ഷേഖ് ഹസീനയുടെ നേതൃത്വത്തിലുള്ള അവാമി ലീഗും അന്ന് ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്ന് വേർപെടുത്തുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. തിരഞ്ഞെടുപ്പിൽ ബി.എൻ.പി. ഭൂരിപക്ഷം നേടിയെങ്കിലും ജൂഡീഷ്യറി-എക്സിക്യൂട്ടീവ് വിഭജനം നടന്നില്ല. 1996-ലെ പൊതു തെരഞ്ഞെടുപ്പിന്നുള്ള പ്രകടനപത്രികയിലും ഇരുപാർട്ടികളും ജൂഡീഷ്യറി-എക്സിക്യൂട്ടീവ് വിഭജനം നടപ്പാക്കുമെന്ന് ഉറപ്പുനൽകി. ഇത്തവണ അവാമി ലീഗാണ് ജയിച്ചത്. പക്ഷെ അവരും കോടതികളെ സ്വതന്ത്രമാക്കാൻ വിസമ്മതിച്ചു.

ഇതിന്നിടയിൽ 1999 ൽ സൂപ്രീംകോടതിയിൽ ഇതുസംബന്ധിച്ചൊരു കേസ് വന്നു. ഭരണകക്ഷിയും പ്രതിപക്ഷവും ഒരുപോലെ ജുഡീഷ്യറി-എക്സിക്യൂട്ടീവ് വിഭജനത്തിന്ന് 1991 മുതൽ ഉറപ്പുനൽകി വരുന്നതിനാൽ, അത് ഉടനെ നടപ്പാക്കണമെന്ന് കോടതിവിധിച്ചു. പക്ഷേ അവാമി ഗവർമ്മേണ്ട് ഓരോരോ കാരണം പറഞ്ഞ് അവധി നീട്ടിവാങ്ങി.

2001ൽ നടന്ന തിരഞ്ഞെടുപ്പിൽ ബി. എൻ.പി. അധികാരത്തിൽ വന്നു എങ്കിലും അവരും സുപ്രീംകോടതിയുടെ കല്പന നടപ്പാക്കുന്നതിന് അവധി വാങ്ങുകയാണു ചെയ്തു വന്നത്. ഇത് ഒന്നോ രണ്ടോ തവണയല്ല. ഇരുപത്തിമൂന്നു തവണ സുപ്രീം കോടതി അവധി നീട്ടികൊടുത്തു. എന്നാൽ 2006 ജനുവരിയിൽ അവധി നീട്ടാനുള്ള അപേക്ഷ കോടതി തിരസ്കരിച്ചു. സുപ്രീംകോടതിയുടെ കല്പന നടപ്പാക്കാത്ത ഗവർമ്മേണ്ടിന്നെതിരായ കോർട്ടലക്ഷ്യകേസ് പരിഗണനയിലിരിക്കുന്നതിന്നിടയിലാണ് ബീഗം ഖലീദപ്രധാനമന്ത്രിപദം ഒഴിഞ്ഞ് തെരഞ്ഞെടുപ്പിനെ നേരിടുന്നത് ജനുവരിയിലെ പൊതുതെരഞ്ഞെടുപ്പിനുശേഷമെങ്കിലും ജുഡീഷ്യറി-എക്സിക്യൂട്ടീവ് വിഭജനം യാഥാർത്ഥ്യമാകുമെന്ന് ജനങ്ങൾ ആശിക്കുന്നു.

2001 ൽ അധികാരത്തിൽ വന്ന ബി. എൻ.പി. ഗവർമ്മേണ്ട് രാജ്യത്തൊരു കിരാതഭരണമാണ് കെട്ടഴിച്ചുവിട്ടത്. ഇസ്ലാമിക തീവ്രവാദികൾ ബി.എൻ.പി. യുടെതണലിൽ അധികാരത്തിൽ വന്നതാണ് പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത്. ഇവരും അവാമി ലീഗുകാരും തമ്മിൽ നിരന്തരം സംഘട്ടനം നടന്നുകൊണ്ടിരുന്നു. അവാമി ലീഗു കാരെ നേരിടാൻ ഇസ്ലാമിക തീവ്രവാദികൾക്ക് കരുത്തില്ലെന്നു കണ്ടപ്പോൾ 2002 ൽ ഗവർമ്മേണ്ട് ഒരു "സംയുക്തസേന" സംഘടിപ്പിച്ചു. ക്രമിനൽ പുള്ളികളെ വേട്ടയാടിപിടിക്കാനെന്നപേരിൽ സംഘടിപ്പിച്ച ഈ "സേന"യിൽ 50,000 ൽ പരം അംഗങ്ങളുണ്ടായിരുന്നു. ഇതിൽ പട്ടാളക്കാരും അതിർത്തിരക്ഷാസേനയും ഹോം ഗാർഡുമെന്നല്ല ആർക്കും ചേരാമായിരുന്നു. ഇവർക്കെന്തും ചെയ്യാം; ആരേയും കൊല്ലാം; ഭീഷണിപ്പെടുത്താം.കേസില്ല. ഭീകരൻമാരേക്കാൾ ഭീകരരായ ഭീകരൻമാരായിട്ടാണ് ജനങ്ങൾ ഇവരെ കണ്ടിരുന്നത്. കാരണം ഭീകരൻമാരുടെ ലക്ഷ്യം പരിമിതമാണ്. ഈ "സേന"ക്കാർ തല്ലും, കൊല്ലും, മോഷ്ടിക്കും, ബലാത്സംഗം നടത്തും, തട്ടികൊണ്ടുപോകും, ഭീഷണിപ്പെടുത്തി പണം വാങ്ങും. മൂന്നുമാസം നീണ്ടുനിന്ന ഈ "സേന" യുടെ പരാക്രമകാലം ജനങ്ങൾക്കൊരു കാളരാത്രിയായിരുന്നു. മൂന്നുമാസത്തിന്നിടയിൽ 11,000 പേർ അറസ്റ്റുചെയ്യപ്പെട്ടു. ഇവരെയെല്ലാം ക്രമിനലുകളായിട്ടാണ് മുദ്രയടിച്ചിരുന്നതെങ്കിലും ഇവരിൽ 8,000 പേർക്കെതിരെ, ഒര ക്രമിനൽകേസ്പോലും ഒരിക്കലും ചാർജ് ചെയ്തി

രുന്നില്ല. അറസ്റ്റ് ചെയ്യപ്പെട്ടവരെല്ലാം ഭീകരമായ പീഡനങ്ങൾക്കിരയായി 58 പേർ മരിച്ചു. എല്ലാം "ഹൃദ്രോഗം" മൂല മാണെന്ന് സർക്കാർ പറയുന്നു.

മൂന്നുമാസത്തിന്നുശേഷം സംയുക്ത സേനയെ പിരിച്ചുവിട്ടുവെങ്കിലും ഇപ്പോൾ അതേ മാതൃകയിൽ ഒരു "സത്വരകർമ്മസേന" രൂപീകരിച്ചിട്ടുണ്ട്. പട്ടാളം, പോലീസ് അതിർത്തി രക്ഷാ സേന, ഹോം ഗാർഡ് എന്നിവയിൽ നിന്ന് നിയോഗിക്കപ്പെടുന്നവരാണ് ഈ സേനയിലുള്ളത്. അതുകൊണ്ടുതന്നെ ഇവരെ നിയന്ത്രിക്കാൻ ആർക്കും സാധ്യമല്ല. ഭരണകക്ഷിയുടെ ഗുണ്ടാ സേന എന്നേ ഇവരെപ്പറ്റി പറയാൻ കഴിയൂ.

പോലീസിനെപ്പോലെത്തന്നെ മജിസ്ട്രേട്ട് കോടതികളും ജില്ലാകോടതികളും മന്ത്രിമാരുടെ നിയന്ത്രണത്തിലാകയാൽ പോലീസിന്റെ അതിക്രമങ്ങൾക്കെതിരെ ആർക്കും ഒരാശ്രയവുമില്ലെന്നതാണ് സ്ഥിതി. കഴിഞ്ഞ മാർച്ച് 12 ന് പ്രതിപക്ഷ പ്രവർത്തകർ എലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിരത്തിന്നുമുന്നിൽ പ്രകടനം നടത്തുകയായിരുന്നു. സമയം 12.30. ഒരു വീട്ടമ്മയായ ഷഹീൻ സുൽത്താന ശാന്ത(34) അടുത്തുള്ള സ്കൂളിൽനിന്ന് മകൻ വരുന്നത് കാത്തുനിൽക്കുകയായിരുന്നു. പെട്ടെന്ന് പോലീസ് ലാത്തിച്ചാർജും കണ്ണീർവാതക പ്രയോഗവും ആരംഭിച്ചു. സുൽത്താന ശാന്ത അടുത്തുള്ള ഒരു ക്ലിനിക്കിൽ ഓടിക്കയറി. പക്ഷേ പോലീസ് ഓടിവന്ന് വലിച്ചിറക്കി പൊതിരെ തല്ലി വാനിലേക്ക് വലിച്ചെറിഞ്ഞു. ഗർഭിണിയായ ശാന്ത പിന്നേയും മർദ്ദനത്തിന്നിരയായപ്പോൾ മോഹാലസ്യപ്പെട്ടു. തന്മൂലം അവരെ റോഡരുകിൽ ഇറക്കിവിട്ടു.

ശാന്തക്ക് കഠിനമായ മർദ്ദനമേറ്റുവെന്നല്ല അവരുടെ മൊബൈൽ ഫോൺ, വളകൾ, ചെയിൻ എന്നിവയും 1500 ക. യുംപോലീസ് പിടിച്ചു പറിക്കുകയും ചെയ്തു.

ധാക്ക മെഡിക്കൽകോളേജ് ആസ്പത്രിയിൽ രണ്ടാഴ്ച ചികിത്സിച്ച ശേഷം ശാന്ത പോലീസ് സ്റ്റേഷനിൽപരാതി നൽകി. ഒരു അഭിഭാഷകൻ കൂടിയായ ഭർത്താവ് റഹ്മാനോടൊപ്പം അവർ പലതവണ പോലീസ് സ്റ്റേഷനിൽ പോയെങ്കിലും കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് വിസമ്മതിച്ചു. തന്മൂലം അവർ ധാക്ക മജിസ്ട്രേട്ട് മുമ്പാകെ നേരിട്ടു പരാതി സമർപ്പിച്ചു. അടുത്ത ദിവസം തന്നെ അവരുടെ ഫോൺ കട്ട് ചെയ്തു. പലതരം ഭീഷണികൾമൂലം കുട്ടിയെ സ്കൂളിൽ അയക്കുന്നത് നിർത്തേണ്ടിവന്നു. അജ്ഞാതരായ ചിലർ ശാന്തക്കും ഭർത്താവിന്നുമെതിരെ ഒരു കള്ളകേസ് ഫയൽ ചെയ്തു. റഹ്മാനെ രണ്ടുതവണ ഗുണ്ടകൾ ആക്രമിച്ചു.

സുപ്രീം കോടതി ബാർ അസോസിയേഷൻ ഇടപെട്ട് ഹൈക്കോടതിയിൽ റഹ്മാനുവേണ്ടി ഒരു ഹർജി സമർപ്പിക്കപ്പെട്ടു. റഹ്മാനേയും ശാന്തയേയും ശല്യപ്പെടുത്തരുതെന്നും അവരുടെ വീട്ടിൽ പ്രവേശിക്കരുതെന്നും ഹൈക്കോടതി പോലീസിന്നു കല്പന നൽകി. ശാന്തയുടെ പരാതി പ്രകാരമുള്ള കേസന്വേഷിക്കാനും ഹൈക്കോടതി കല്പിച്ചു. പക്ഷേ കാര്യമൊന്നുമുണ്ടായില്ല. പോലീസിന്റെ ഭീഷണിയും ഗുണ്ടകളുടെ അക്രമങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു. റഹാമാനും ശാന്തയും വഴങ്ങാനും തയ്യാറായില്ല. അവർ ഹൈക്കോടതിയിൽ പുതിയൊരു ഹർജി സമർപ്പിച്ചിരിക്കുകയാണ്.

"നിങ്ങൾക്ക് കോടതിയിൽ നിന്ന്, എന്തുനേടാൻ കഴിയുമെന്ന് ഒന്നുകാണാമല്ലൊ" എന്നതാണ് റഹ്മാന് അവസാനമായി ഫോണിൽ ലഭിച്ച ഭീഷണി. ഇതാണ് യഥാർത്ഥപ്രശ്നവും. നിയമവാഴ്ചയില്ലാത്ത ഒരു നാട്ടിൽ, മറ്റെല്ലാം അപ്രസക്തമായിത്തീരുന്നു.

(മുഖചിത്രം കാണുക: സുൽത്താന ശാന്തയെ പോലീസ് വളഞ്ഞിട്ടു തല്ലുന്നു.)

❑

# മേൽത്തട്ടുകാരുണ്ടാക്കിയ ക്രീമിലെയർ സിദ്ധാന്തം

**- കല്പന കണ്ണബീരൻ -**

**പ**ട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഉള്ള സംവരണം പരിമിതപ്പെടുത്തികൊണ്ട് ഈയിടെ സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധി "ക്രീമിലെയർ" എന്ന സങ്കൽപ്പത്തെ ഒരു പുനരാലോചനക്ക് വിഷയീഭവിപ്പിക്കാൻ നമ്മെ നിർബന്ധരാക്കുന്നു. ക്രീമിലെയർ എന്ന ആശയത്തിൽ തന്നെ മൗലീകമായ ന്യൂനതകളുണ്ട്. ഒരു ആശയം പ്രാവർത്തികമാക്കണമെങ്കിൽ അതിന്നൊരു നിർവ്വചനം വേണം. ക്രീമിലെയറിന്ന് ഒരു മാനദണ്ഡം കണ്ടെത്താൻ ശ്രമം നടത്തുന്നത് ആ ആശയം പ്രഖ്യാപിച്ചുകഴിഞ്ഞതിന്നുശേഷമാണ്. മാത്രമല്ല ഈ പ്രഖ്യാപനവും മാനദണ്ഡം കണ്ടെത്തലും നടത്തിയതാകട്ടെ മറ്റുപിന്നോക്ക സമുദായങ്ങളുടെ (OBC) കാര്യത്തിലുമാണ്. അതിപ്പോൾ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ബാധകമാക്കിയിരിക്കുന്നു - ഇപ്പോഴും അതിന്നൊരു നിർവ്വചനം കണ്ടെത്തിയിട്ടുമില്ല.

പട്ടികജാതി-പട്ടികവർഗ്ഗ സാഹചര്യത്തിൽ ക്രിമിലെയറിന്റെ ആശയം എന്താണ്? കഴിഞ്ഞ രണ്ടു തലമുറക്കാലം കൊണ്ട് അല്പം ചില ദളിതുകളും ആദിവാസികളും അല്പം പഠിക്കുകയും ചില ഉദ്യോഗങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. എന്നതിലപ്പുറം ക്രിമിലെയറായി ചൂണ്ടിക്കാട്ടാൻ എന്തുണ്ട്? സംവരണത്തിന്റെ അടിസ്ഥാനം ജാതീയമായ വിവേചനമാണ്; അതായത് ജാതിയിൽ നിന്നുളവാകുന്ന ഗുരുതരമായ സാമൂഹ്യ അവശതയാണത്. ക്രിമിലെയർ എന്ന ആശയത്തിന്ന് രൂപം നൽകുന്നതിന്റെ അർത്ഥം തന്നെ, ആ വിവേചനത്തെ ചികഞ്ഞു മാറ്റി, അതിലെ സാമ്പത്തിക പദവിയിലേക്ക് അതിനെ ചുരുക്കുന്നു വെന്നതാണ്. ഇവിടെ ദളിത്-ആദിവാസി യാഥാർത്ഥ്യങ്ങളെ, ജാതീയ അവശതയുടേതായ യഥാർത്ഥ്യങ്ങളെ, വികലമാക്കുന്നു.

രണ്ടാമതായി, ഒരു സ്ഥിതി വിശേഷത്തെ മനസ്സിലാക്കാൻ സഹായിക്കുന്നതിന്നുപകരം, അത് ധാരണയെ തടസ്സപ്പെടുത്തുന്നു. ദളിതുകൾ അവരുടെ നേട്ടങ്ങളെ സമുദായത്തിൽ പങ്കിടുന്നില്ലെന്നും, അതിനാൽ നേട്ടങ്ങളെ പങ്കിടുവിപ്പിക്കുന്ന വിധത്തിൽ അവരെ ഭരിക്കേണ്ടതുണ്ടെന്നും സമൂഹത്തിലെ മേൽതട്ടുകാർ വിശ്വസിക്കുന്നു. കോടതികളും ഈ മേൽതട്ടിന്റെ ഭാഗമാണ്. സമൂഹത്തിന്റ വിഭവങ്ങൾ ദളിതുകളുമായും ആദിവാസികളുമായും തുല്യനിലയിൽ പങ്കിടാൻ മേൽതട്ടു ജാതികൾക്കുള്ള വൈമുഖ്യത്തെ മറച്ചുപിടിക്കാനാണ് ഈ ധാരണ സഹായിക്കുന്നത്. മേൽതട്ടു ജാതിക്കാർ അനുവർത്തിച്ചുവരുന്ന വിവേചനത്തിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനാണിത്.

സമത്വത്തിന്റെ അടിസ്ഥാനത്തിലാണിതെങ്കിൽ, ക്രീമിലെയർ എന്നത് എല്ലാവർക്കും ബാധകമാകേണ്ടതാണ്. ദളിതുകളുടേയും ആദിവാസികളുടേയും ഭാഗത്തുനിന്നുകൊണ്ട് നമുക്ക് ക്രീമീലെയർ എന്ന ആശയമൊന്നുപ്രയോഗിച്ചു നോക്കാം. നമ്മൾ അപ്പോൾ എന്താണ് കാണുന്നത്? പൊതുജീവിതമാകെതന്നെ, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ തുടങ്ങിയവയെല്ലാം തന്നെ ഇന്ത്യൻ സമൂഹത്തിലെ ക്രീമിലെയർ കയ്യടക്കിവച്ചിരിക്കുന്നതായി നാം കാണുന്നു. ക്രീമിലെയറിന്റെ ക്രീമിലെയർ തലമുറകളായി കയ്യടക്കിവച്ചിരിക്കുന്ന പ്രത്യേകാവകാശങ്ങൾ കൂടുതൽ ഭദ്രമാക്കാൻ ശ്രമിക്കുന്നതായി നാം

കാണുന്നു. അതിന്നവർ സംവരണം പരമാവധി കുറക്കാൻ ശ്രമിക്കുന്നു. ദളിത സമുദായം തലമുറകളായി അനുഭവിച്ചുവരുന്ന അവശതകൾക്കുള്ള ഉത്തരവാദിത്വത്തിൽ നിന്ന് അവർ കൈകഴുകി പിൻമാറുന്നു. വാസ്തവത്തിൽ ദളിതുകൾക്കെതിരായി വിവേചനമുണ്ടെന്നതിനെത്തന്നെ അവർ നിഷേധിക്കുന്നു. അപ്പോൾ എന്താണുണ്ടാകുന്നത്? സംവരാണാനുകൂല്യത്തിന്റെ ഫലമായി ഒരു തലമുറക്കാലം വല്ല ജോലിയോ വിദ്യാഭ്യാസമോ നേടിയ കുടുംബങ്ങളെയെല്ലാം സംവരണത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സമൂഹത്തിലെ മേൽതട്ടുകാരായക്രീമിലെയർ വിഭവങ്ങളെല്ലാം കുത്തകയായി അനുഭവിക്കുന്നു.

മൂന്നാമത്, ദളിതുകൾക്കെതിരായ വിവേചനം സംബന്ധിച്ച ചരിത്ര വിരുദ്ധമായ വീക്ഷാഗതിയെ അത് ശക്തിപ്പെടുത്തുന്നു. ദളിതുകൾക്കെതിരെ നൂറ്റാണ്ടുകളായി നടന്നുവരുന്ന ഹിംസാത്മകമായ വിവേചനമാണ് സംവരണത്തിന്നടിസ്ഥാനമെന്ന വസ്തുതയെ അതു നിരാകരിക്കുന്നു. സംവരണകാര്യത്തിൽ ക്രീമിലെയർ ഉയർത്തിക്കാട്ടുന്നതോടൊപ്പം നമ്മുടെ സമൂഹത്തിലെ മേൽതട്ടുകാരുടെ ക്രൂരമായ ദണ്ഡനങ്ങൾക്കിരയാകുന്ന ദളിതുകളോട് നീതി കാണിക്കുന്നതിൽ ഗവർമ്മേണ്ടും കോടതിയും പരാജയപ്പെടുകയുംചെയ്യുന്നു. ക്രീമിലെയർ എന്ന ആശയം സമൂഹത്തിലെ കീഴ്തട്ടിലുള്ളവർക്കെന്നപോലെത്തന്നെ മേൽതട്ടിലുള്ളവർക്കും ബാധകമാക്കാത്തതിനെ ഒരാൾക്കെങ്ങിനെ ന്യായീകരിക്കാൻകഴിയും?

ക്രീമിലെയർ എന്ന അവ്യക്തമായ ആശയം സ്വേഛാപൂർവ്വം അടിച്ചേൽപ്പിക്കുന്നതിലൂടെ അവകാശങ്ങൾ വെട്ടിക്കുറക്കുന്നതും അതിക്രമങ്ങൾക്കിരയാകുന്നവർക്ക് നീതിനിഷേധിക്കുന്നതും വേർപ്പെടുത്താനാകാത്തവിധം കണ്ണിചേർന്നുകിടക്കുന്നു. ദളിതുകളും ആദിവാസികളും നൂറ്റാണ്ടുകളായി അനുഭവിച്ചുവരുന്ന യാതനകളുടെ സമഗ്രരൂപം കാണാതെ പോകരുത്.

വിദ്യാഭ്യാസം, തൊഴിൽ, നീതിന്യായം എന്നീ സ്ഥാപനങ്ങളിലെല്ലാം ജാതീയവിവേചനമുണ്ടെന്ന വസ്തുതക്കുമുന്നിൽ പുകമറ സൃഷ്ടിക്കുന്ന ഒന്നാണ് ക്രീമീലെയർ എന്ന ആശയം. ഒരാൾ സർക്കാർ ജോലിയിൽ പ്രവേശിച്ചാൽ പിന്നെ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ ലഭിക്കുമെന്നാണ് ജനങ്ങളുടെസങ്കല്പം. എന്നാൽ അത് സംഭവിക്കുന്നില്ല. ഉന്നത പദവികളിൽപോലും ദളിതുകൾക്ക് പ്രമോഷൻ തടയപ്പെടുന്നു. അപ്പോൾ ഒരു സാധാരണ ജീവനക്കാരന്റെ കാര്യം പറയാനില്ല.

നാലാമതായി ക്രീമിലെയർ എന്ന ആശയം പ്രയോഗിക്കുന്നത് മറ്റുള്ളവരിലാണ്; സ്വന്തം കാര്യത്തിലല്ല. ക്രമീലെയർ എന്ന ആശയത്തിന്റെ ശില്പികളും അതിന്റെ പ്രയോക്താക്കളും, അതായത് കോടതികളും പൊതുസമൂഹവും, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെടാത്തവരാണ് അതുകൊണ്ടുതന്നെ ക്രമീലെയർ എന്ന ആശയം അവർക്ക് ബാധമാകുന്നില്ല.

ദളിത്-ആദിവാസി സമൂഹങ്ങൾക്ക് സംവരണം വഴി ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണം സംബന്ധിച്ച് ദളിത് ഗ്രൂപ്പുകൾക്കിടയിലും തർക്കങ്ങളുണ്ട്. ഈ തർക്കങ്ങൾ പരിഹരിക്കേണ്ടത് ഗവർമ്മേണ്ടാണ്. എന്നാൽ രാഷ്ട്രീയപരിഗണനമൂലം തർക്കങ്ങൾ തീർക്കാൻ ഗവർമ്മേണ്ട് ശ്രമിക്കുന്നില്ല. ക്രീമിലെയർ പ്രഖ്യാപനത്തിൽനിന്നും തികച്ചും വ്യത്യസ്തമായ തർക്കമാണിത്. കാരണം ഓരോ ഗ്രൂപ്പും തങ്ങളുടെ വാദം സാധൂകരിക്കാൻ പരമാവധി വസ്തുതകൾ ശേഖരിച്ചവതരിപ്പിക്കുന്നുണ്ട്. സർവ്വോപരി ദളിത് ഗ്രൂപ്പുകൾ തമ്മിലുള്ള തർക്കമാകുമ്പോൾ എല്ലാവരും സമാന സാമൂഹ്യസ്ഥിതിയിലുള്ളവരാണ്. മേൽതട്ടുകാരാൽ ഒരേതരത്തിൽ പീഡിപ്പിക്കപ്പെട്ടവരുമാണ്.

(ഹിന്ദുവിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംഗ്രഹം) ❑

# നിയമക്കോടതികൾ നീതികോടതികളായാൽ




**നി**യമവാഴ്ച നമ്മുടെ ഭരണഘടനയുടെ അടിത്തറയുടെ ഭാഗമാണ്. നിയമമുള്ളപ്പോൾ ഗവർമ്മേണ്ട് അത് നടപ്പാക്കണം; നടപ്പാക്കാത്തപക്ഷം, അതു നടപ്പാക്കേണ്ട ഭാരം ഞങ്ങളുടേതാണ്. അല്ലാത്തപക്ഷം ഞങ്ങൾ സത്യപ്രതിജ്ഞ ലംഘിക്കലാകും– ഈയിടെ ഒരു കേസിന്റെ വിധിയിൽ സുപ്രീംകോടതി നടത്തിയ പരാമർശമാണിത്.

ഒരു വ്യവസ്ഥാപിത ഭരണസംവിധാനത്തിൽ കോടതികളുടെ ചുമതല രണ്ടാണ്– നിയമലംഘകരെ നിയമാനുസൃതം ശിക്ഷിക്കുക എന്നതാണ് പ്രഥമവും പ്രധാനവുമായ ചുമതല. ഏതെങ്കിലും നിയമത്തെപ്പറ്റി സംശയം ജനിച്ചാൽ, അതിന്ന് വ്യാഖ്യാനം നൽകുക എന്നതാണ് രണ്ടാമത്തെ ചുമതല. നിയമനിർമ്മാണമോ നിയമം നടപ്പാക്കലോ കോടതിയുടെ പരിധിയിൽ വരുന്നില്ല. നിയമമുണ്ടാക്കേണ്ട ഭാരം നിയമനിർമ്മാണ സഭയുടേതാണ്; നിയമം നടപ്പാക്കേണ്ടത് ഗവർമ്മേണ്ടിന്റെ ചുമതലയുമാണ്.

ഗവർമ്മേണ്ട് ഒരു നിയമം നടപ്പാക്കാൻ ഭാവമില്ലെങ്കിലോ? മേൽചേർത്ത സുപ്രീംകോടതി വിധി പ്രകാരമാണെങ്കിൽ, കോടതി നിയമം നടപ്പാക്കിക്കളയും. പക്ഷേ ഭരണഘടനപ്രകാരം നിയമം നടപ്പാക്കേണ്ടത് കോടതിയല്ല, ഗവർമ്മേണ്ടാണ്. പാർലമെന്റ് പാസാക്കിയ ഒരു നിയമം നടപ്പാക്കാൻ ഗവർമ്മേണ്ട് വിസമ്മതിച്ചാൽ, ആ ഗവർമ്മേണ്ടിനെ മാറ്റേണ്ട ചുമതല പാർലിമെന്റിനാണ്. ഇനി അഥവാ പാർലിമെന്റ് അത് ചെയ്തില്ലെങ്കിൽ, ആ നിയമത്തിന്ന് സാധുതയില്ലാതായിത്തീരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ആ നിയമം റദ്ദാക്കിയ

തിന്നുതുല്യമായ പ്രവൃത്തിയാണത്. അതിൻമേൽ ആത്യന്തികമായ വിധി പറയാനുള്ള അധികാരം ജനങ്ങൾക്കാണ്; കോടതിക്കല്ല.

ഉദാഹരണം അടിയന്തരാവസ്ഥതന്നെ. അടിയന്തരാവസ്ഥക്ക് പാർലിമെന്റ് അംഗീകാരം നൽകി; കോടതി അംഗീകാരം നൽകി; എന്നാൽ ജനങ്ങൾ അത് തിരസ്കരിച്ചു.

വ്യവസ്ഥാപിത ഭരണസംവിധാനമുള്ള രാജ്യങ്ങളിലെ കോടതികൾ നിയമകോടതികളാണ്. ഒരു രാജ്യത്തിന്റെ അടിസ്ഥാനപ്രമാണം ഭരണഘടനയാണ്. ഈ ഭരണഘടന പ്രകാരമാണ് പാർലമെന്റും കോടതിയും ഗവർമ്മേണ്ടും നിലവിൽ വരുന്നത്. പാർലമെന്റ് നിയമനിർമ്മാണം നടത്തുന്നു; ആ നിയമം പാലിക്കുന്നുണ്ടോ എന്നു നോക്കുകയും നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യലാണ് കോടതിയുടെ ജോലി. നിയമം നടപ്പാക്കേണ്ട ഭാരം ഗവർമ്മേണ്ടിനാണ്.

നിയമകോടതിക്ക് ന്യായകോടതിയോ നീതികോടതിയോ ആകാൻ സാധ്യമല്ല. നീതിയും ന്യായവും എന്തായാലും ശരി, കോടതിക്ക് നിയമപ്രകാരമേ പ്രവർത്തിക്കാൻ പറ്റൂ. ഇതിന്നൊരു ആയിരം ഉദാഹരണങ്ങൾ നിരത്താൻ കഴിയും. കൊക്ക കോള കേസിൽ കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ വിധി ഒരു ഉദാഹരണം; ഈയിടെ സ്വാശ്രയം സംബന്ധിച്ചുണ്ടായ വിധി മറ്റൊരുദാഹരണം. പണ്ട് ഷബാനുകേസിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ ഒരു വിധി നിഷ്ഫലമാക്കാൻ പാർലിമെന്റ് അന്യായമായൊരു നിയമനിർമ്മാണം നടത്തിയത് വേറൊരു ഉദാഹരണം. മുസ്ലീം സ്ത്രീകൾക്ക് ജീവനാംശം നിഷേധിക്കാനായി പാർലിമെന്റ് പാസാക്കിയ നിയമം അന്യായവും അനീതിയുമായിരുന്നു. പക്ഷേ പാർലിമെന്റ് പാസാക്കിയത് നിയമമാണ്. അതിന്റെ ന്യായവും നീതിയും നോക്കാൻ കോടതിക്കധികാരമില്ല. നിയമം ഭരണഘടനാവിരുദ്ധമല്ലാത്തിടത്തോളംകാലം കോടതിക്ക് അംഗീകരിക്കുകയേ നിവൃത്തിയുള്ളൂ.

പക്ഷെ നമ്മുടെ കോടതികൾ പലപ്പോഴും നീതിക്കോടതിയും ന്യായക്കോടതിയുമെല്ലാമായി രൂപാന്തരപ്പെടുന്നു. ശിശുവിന്റെ അമ്മ ആരാണെന്ന് തീരുമാനിക്കാൻ സോളമൻ ചക്രവർത്തിക്ക് എളുപ്പത്തിൽ സാധിച്ചു. എന്നാൽ വ്യവസ്ഥാപിത ഭരണസംവിധാനമുള്ള ഒരു നാട്ടിൽ ഒരു കോടതിക്ക് കാര്യമങ്ങനെ തീരുമാനിക്കാൻ പറ്റില്ല. നിയമത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ടേ കോടതികൾക്ക് തീരുമാനമെടുക്കാൻ കഴിയൂ.

ദൽഹിയിൽ ശല്യമുണ്ടാക്കുന്ന കുരങ്ങൻമാരെ പിടികൂടി മധ്യപ്രദേശിലെ കാട്ടിൽ കൊണ്ടുപോയി വിടാൻ ഈയിടെ സുപ്രീംകോടതി കല്പന നൽകി. ഏതൊരു നിയമമനുസരിച്ചാണിതെന്ന് ദൈവത്തിനുമാത്രമേ അറിയൂ. പട്ടിക്കും, പൂച്ചക്കും, കാക്കക്കും, കൊതുകിനുമെല്ലാം ദൽഹിയിൽ പ്രവേശിക്കാമെങ്കിൽ കുരങ്ങന് പാടില്ലെന്നു പറയാമോ? അങ്ങനെ നിയമമുണ്ടോ? നിയമമില്ലെങ്കിൽ പിന്നെ കോടതിക്കെങ്ങനെ കല്പന നൽകാൻ കഴിയുന്നു?

ഈയിടെ പോലീസ് ഭരണം സംബന്ധിച്ച് സുപ്രീംകോടതി കുറെ കല്പനകൾ നൽകുകയുണ്ടായി. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പോലീസ് കമ്മീഷനെ നിയമിക്കണം പോലീസിന്റെ റിക്രൂട്ട്മെന്റ്, നിയമനം, സ്ഥലംമാറ്റം, എന്നിവ കമ്മീഷന് വിടണം എന്നൊക്കെയാണ് കല്പന പോലീസ് കമ്മീഷനിൽ ആരെല്ലാം അംഗങ്ങളാകാമെന്നുവരെ കോടതിയുടെ കല്പനയിലുണ്ട്.

കോടതിയുടെ കല്പന തികച്ചും സ്വാഗതാർഹമാണ്. ഇന്ത്യയിലെ ഏതാണ്ടെല്ലാ പത്രങ്ങളും അതിനെ പ്രശംസിച്ചിട്ടുമുണ്ട്. ഭരണാധികാരികളുടെ

⮱പേജ് 21

# സംവരണം എങ്ങനെ: ഒരു വിശകലനം

**- സീമ ചിഷ്ടി -**

സംവരണ വിവാദം പലപ്പോഴും മിടുക്കൻമാരും മണ്ടൻമാരും തമ്മിലുള്ള ഒരു വടം വലിയായിട്ടാണ് അവതരിപ്പിക്കാറുള്ളത്. പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റുപിന്നോക്ക സമുദായങ്ങൾ എന്നിവർ അനർഹരാണെന്നും, അവർക്ക് പ്രവേശനം നൽകിയാൽ സ്ഥാപനത്തിന്റെ നിലവാരം തകരുമെന്നുമാണ് സംവരണവിരുദ്ധർ വാദിക്കാറുള്ളത്. പക്ഷെ വാസ്തവം അതല്ല.

ഈയിടെ "സൺഡേ" എക്സ്പ്രസ് വിവരാവകാശനിയമത്തെ കരുവാക്കികൊണ്ട് കുറെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും കടുത്ത മത്സരപരീക്ഷകളാണെന്നു കരുതപ്പെടുന്ന രണ്ടെണ്ണത്തിൽ വിദ്യാർത്ഥികൾ നേടിയ മാർക്കിന്റെ വിവരമാണ് അവർ ശേഖരിച്ചത്. അഖിലേന്ത്യാ മെഡിക്കൽ സയൻസസ് ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഐ.ടി. കൾ എന്നിവയിൽ 2005 ലും 2006ലും നടത്തിയ മത്സരപരീക്ഷകളുടെ വിവരമാണവ.

മെഡിക്കൽ സയൻസസ് ഇൻസ്റ്റിറ്റ്യൂട്ടിലെ 50 സീറ്റിനുള്ള മത്സരപരീക്ഷക്കിരുന്നത് 75000 വിദ്യാർത്ഥികളാണ്. ഒമ്പത് ഐ.ഐ.ടി. കളിലെ 5000 സീറ്റിനുള്ള മത്സരപരീക്ഷയിൽ മൂന്നരലക്ഷം വിദ്യാർത്ഥികളും ഹാജരായി രണ്ടുപരീക്ഷാ ഫലങ്ങളിലും ജനറൽ വിഭാഗത്തിൽ ഒന്നാം റാങ്ക് നേടിയ വിദ്യാർത്ഥികൾക്കു ലഭിച്ച മാർക്കിനേക്കാൾ 20-30 ശതമാനം മാർക്ക് സംവരണവിഭാഗത്തിലെ ഒന്നാംസ്ഥാനക്കാരന് കുറവാണെന്ന് കണ്ടെത്തി. എന്നാൽ ഏറ്റവും താഴെയുള്ളവരുടെ മാർക്കുകൾക്കുതമ്മിൽ വലിയ വ്യത്യാസമില്ല.

മെഡിക്കൽ സയൻസസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സംവരണമില്ലായിരുന്നുവെങ്കിൽ പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ പ്രവേശനം ലഭിക്കുമായിരുന്നില്ല. കാരണം ഇതിൽ ഒന്നാംസ്ഥാനം നേടിയവരുടെ മാർക്ക് ജനറൽ വിഭാഗത്തിൽ പ്രവേശനം ലഭിച്ച അവസാനത്തെ വിദ്യാർത്ഥിയുടെ മാർക്കിനേക്കാൾ കുറവാണ്.

എന്നാൽ ഐ.ഐ.ടി.യിലെ സ്ഥിതി അതല്ല. സംവരണമില്ലായിരുന്നുവെങ്കിലും പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ട പലർക്കും പ്രവേശനം നേടാൻ കഴിയുമായിരുന്നു. കാരണം, ജനറൽ വിഭാഗത്തിൽ പ്രവേശനം നേടിയ അവസാനത്തെ വിദ്യാർത്ഥിക്കു ലഭിച്ചതിനേക്കാൾ കൂടുതൽ മാർക്ക് നേടിയ പല പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുമുണ്ട്.

ഈ വ്യത്യാസത്തിന്നുകാരണം സീറ്റുകളുടെ എണ്ണത്തിലുള്ള വ്യത്യാസമാണ്. മെഡിക്കൽ സയൻസസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അമ്പതുകുട്ടികൾക്കുമാത്രമാണ് പ്രവേശനം. ഇതിൽ 34 സീറ്റാണ് ജനറൽ വിഭാഗത്തിലുള്ളത്. എന്നാൽ ഐ.ഐ.ടി.കളിൽ ആകെ 5,000 സീറ്റുകളുണ്ട് അതുകൊണ്ടുതന്നെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പ്രവേശന സാധ്യതയുണ്ടാകുന്നു. അപ്പോൾ മിടുക്കൻമാരും മണ്ടൻമാരുമെന്നുള്ള വ്യത്യാസത്തിന്ന് സ്ഥാനമുണ്ടാവില്ല. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ പേർക്ക് പ്രവേശനമനുവദിക്കേണ്ടതിന്റെ ആവശ്യകതയെയാണ് ഇത് സൂചിപ്പിക്കുന്നത്.

ജനറൽ ലിസ്റ്റിലും സംവരണ ലിസ്റ്റിലും പ്രവേശനം നേടിയവർക്ക് ഉയർന്ന മാർക്ക് ലഭിച്ചിട്ടുണ്ടെന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ലെന്ന് മെഡിക്കൽ സയൻസസ് ഇൻസ്റ്റിറ്റ്യൂട്ടിലെ കെ. ശ്രീനാഥ് റെഡ്ഡി പറയുന്നു. പ്രവേശനപരീക്ഷക്കിരിക്കുന്നവർ ഒരു പൊതു പരീക്ഷ ജയിച്ചുവന്നവരാണെന്ന വസ്തുത ജനങ്ങൾ മറക്കുന്നു. പ്രവേശനം നേടിയവർ പ്ലസ് 2 പരീക്ഷയിൽ 55% മാർക്കെങ്കിലും നേടിയവരാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ❏

# ഭരണാധികാരികൾക്ക് നിശ്ചയദാർഢ്യമുണ്ടെങ്കിൽ



പാപ്പപട്ടി പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട പി. പെരിയകറുപ്പന് വോട്ടെണ്ണൽ കേന്ദ്രത്തിന് പുറത്തു പ്രവർത്തകർ നല്കിയ സ്വീകരണം.

തമിഴ്നാട്ടിൽ കഴിഞ്ഞ ഒക്ടോബറിൽ നടന്ന പഞ്ചായത്ത്-മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ നാലു പഞ്ചായത്തുകളിലെ തിരഞ്ഞെടുപ്പ് തമിഴുനാട്ടിൽ മാത്രമല്ല, സംസ്ഥാനത്തിന്നു പുറത്തും ശ്രദ്ധേയമായിത്തീരുകയുണ്ടായി. പന്തീരായിരത്തിൽപരം പഞ്ചായത്തുകളിലെ ഒരുലക്ഷത്തോളം വാർഡുകളിലായിരുന്നു തിരഞ്ഞെടുപ്പ്. ഭരണകക്ഷിയായ ഡി.എം.കെ. യുടെ നേതൃത്വത്തിലുള്ള മുന്നണി വമ്പിച്ച വിജയം നേടുകയും ചെയ്തു.

എന്നാൽ മധുര ജില്ലയിലെ പപ്പപട്ടി, കീരിപട്ടി, നാട്ടാർ മംഗലം എന്നീ മൂന്നു പഞ്ചായത്തുകളിലേക്കും തൊട്ടടുത്ത വിരുദുനഗർ ജില്ലയിലെ കോട്ടക്കച്ചിയെന്തൽ പഞ്ചായത്തിലേക്കും തിരഞ്ഞെടുപ്പു നടന്നുവെന്നല്ല, ഒരനിഷ്ട സംഭവം പോലുമില്ലാതെ തിരഞ്ഞെടുപ്പു നടന്നുവെന്നതും അത്ഭുതകരമായിരുന്നു. കാരണം, കഴിഞ്ഞ പത്തു കൊല്ലമായി ഈ നാലു പഞ്ചായത്തുകളിലും ജനകീയ ഭരണം നടത്താൻ സവർണ്ണവർഗ്ഗം സമ്മതിച്ചിരുന്നില്ല.

ഇതിന്റെ കഥ 1996 ൽ ആരംഭിക്കുന്നു. പുതിയ പഞ്ചായത്ത് നിയമപ്രകാരം അഞ്ചുകൊല്ലം കൂടുമ്പോൾ തിരഞ്ഞെടുപ്പു നടത്തണമെന്നല്ല, സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. സീറ്റ് സംവരണം മാത്രമല്ല ചില പഞ്ചായത്തുകളിലെ പ്രസിഡണ്ട് സ്ഥാനവും സ്ത്രീകൾക്കും പട്ടികജാതിക്കാർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. അങ്ങനെ പട്ടികജാതിക്കാർക്കായി, സംവരണം ചെയ്യപ്പെട്ടവയായിരുന്നു മേൽപറഞ്ഞ നാലു പഞ്ചായത്തുകൾ.

എന്നാൽ ഈ പഞ്ചായത്തുകളിലെ സവർണ്ണർ വഴങ്ങാൻ തയ്യാറല്ലായിരുന്നു. ഒരു പട്ടികജാതിക്കാരൻ തങ്ങളെ ഭരിക്കാൻ സമ്മതിക്കില്ലെന്ന വാശിയിലായിരുന്നു അവർ. ഗ്രാമപ്രദേശങ്ങളിലെ പട്ടികജാതിക്കാർ അതിദരിദ്രരും സവർണ്ണരെ ആശ്രയിച്ചു ജീവിക്കുന്നവരുമാണ്. അതുകൊണ്ട് അവർ നോമിനേഷൻ സമർപ്പിക്കുന്നത് സവർണ്ണർ തടയും അതല്ലെങ്കിൽ ഏതെങ്കിലും

പാവത്താനെ പിടിച്ച് സ്ഥാനാർത്ഥിയാക്കി നിർത്തുകയും, ഫലപ്രഖ്യാപനം കഴിഞ്ഞാലുടൻ അയാളെകൊണ്ട് രാജിവയ്പിക്കുകയും ചെയ്യും. കഴിഞ്ഞ പത്തുകൊല്ലത്തിന്നിടയിൽ പതിനഞ്ചു തവണ തിരഞ്ഞെടുപ്പു നടത്തിയിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ഗവർമ്മേണ്ടു തോറ്റു പിൻമാറി.

എന്നാൽ ഇത്തവണ ഗവർമ്മേണ്ട് രണ്ടും കല്പിച്ചിറങ്ങി. ആ ഇച്ഛാശക്തിക്കുമുമ്പിൽ വഴങ്ങുകയല്ലാതെ സവർണ്ണർക്ക് ഗത്യന്തരമില്ലായിരുന്നു. ചതുരുപായങ്ങളിൽ ആദ്യത്തെ മൂന്നും ഗവർമ്മേണ്ട് ഉപയോഗിച്ചതാണ് അതിന്നുകാരണം. സംവരണം റൊട്ടേഷൻ അടിസ്ഥാനത്തിലാണ്; ഇത്തവണത്തെ സംവരണപഞ്ചായത്ത് അടുത്തതവണ ജനറൽ വിഭാഗത്തിലാക്കും. പക്ഷെ സംവരണത്തെ വെല്ലുവിളിച്ചു നിൽക്കുന്ന നാലു പഞ്ചായത്തുകളെ ഈ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കിയതായി മുഖ്യമന്ത്രി കെ. കരുണാനിധി പ്രഖ്യാപിച്ചു. ഈ നാലു പഞ്ചായത്തും സംവരണ പഞ്ചായത്തുകളായി തുടരുമെന്നർത്ഥം. പട്ടികജാതിക്കാരെ ഭരിക്കാൻ അനുവദിക്കില്ലെന്ന് സവർണ്ണർ ശാഠ്യം പിടിച്ചാൽ, പഞ്ചായത്തുണ്ടാവില്ല; ഭരണമുണ്ടാവില്ല; ഗവർമ്മേണ്ടിൽനിന്ന ഒരു സഹായവും കിട്ടുകയില്ല.

ഇത് സവർണ്ണർക്ക് താങ്ങാവുന്നതിലധികമായിരുന്നു. സംവരണത്തിന്റെ കാലാവധി കഴിഞ്ഞാൽ, തങ്ങൾക്ക് ഇഷ്ടംപോലെ ഭരണം കയ്യാളാൻ കഴിയുമെന്ന സവർണ്ണരുടെ മനക്കോട്ട ഇതോടെ തകർന്നു. കാരണം പഞ്ചായത്ത് ഭരണംകൊണ്ട് നേട്ടമുണ്ടാകുന്നത് യഥാർത്ഥത്തിൽ പട്ടികജാതിക്കാർക്കല്ല; സവർണ്ണർക്കാണ്. ഒന്നാമത് പട്ടികജാതിക്കാരുടെ എണ്ണം വളരെ കുറവാണ്. കോട്ടക്കച്ചിയെന്തൽ പഞ്ചായത്തിൽ തൊട്ടെണ്ണം ഇരുപതു പട്ടികജാതിക്കാരെയുള്ളൂ. പല പഞ്ചായത്തുകളിലേയും സ്ഥിതി ഏതാണ്ടിതുതന്നെയാണ്. സംവരണമില്ലെങ്കിൽ, പട്ടികജാതിക്കാർക്ക് ഒരിക്കലും അധികാരം കയ്യാളാൻ കഴിയില്ല. അതുകൊണ്ട് സംവരണം ഏർപ്പെടുത്തുന്നു. എന്നാൽ ഏതെങ്കിലും പഞ്ചായത്ത് ശാശ്വതമായി സംവരണം ചെയ്യപ്പെടുന്നത് മറ്റുള്ളവർക്ക് അവസരം നിഷേധിക്കലാകും. അതുകൊണ്ട് സംവരണ പഞ്ചായത്തുകൾ മാറി മാറി വരുന്നു. ഈ റൊട്ടേഷൻ സമ്പ്രദായത്തിൽ ചിലപ്പോൾ പട്ടികജാതിക്കാർക്ക് കാര്യമായി പിൻബലമൊന്നുമില്ലാത്ത പഞ്ചായത്തും സംവരണം ചെയ്യപ്പെടും. ഇതിനെയാണ് സവർണ്ണർ വെല്ലുവിളിക്കുന്നത്.

ഇത്തരം വെല്ലുവിളികളെ തന്റേടത്തോടെ നേരിടുകയാണ് ഒരു ഗവർമ്മേണ്ട് ചെയ്യേണ്ടത്. പക്ഷെ പലപ്പോഴും വോട്ടുബാങ്ക് രാഷ്ട്രീയം ഇതിന്ന് തടസ്സമാകുന്നു. 20 പട്ടികജാതിക്കാരോട് നീതി ചെയ്യാൻ 20,000 സവർണ്ണരെ മുഷിപ്പിക്കണോ, എന്നതായിരുന്നു രാഷ്ട്രീയകക്ഷികളുടെ ചിന്ത. എന്നാൽ ഇത്തവണ ഗവർമ്മേണ്ട് സവർണ്ണരുടെ വെല്ലുവിളിയെ നേരിടാൻ രണ്ടും കല്പിച്ചിറങ്ങി. ഇടത്തടിച്ചുനിന്നിരുന്ന നാലു പഞ്ചായത്തിലും വിജയകരമായി തിരഞ്ഞെടുപ്പുനടത്താൻ കഴിഞ്ഞത് അതിന്റെ ഫലമായിരുന്നു.

ഭരണകൂടം ഉദ്ബുദ്ധമാണെങ്കിൽ, സാമൂഹ്യപരമായ പല തിന്മകൾക്കും അറുതി വരുത്താൻ കഴിയുമെന്നതിന്റെ ഒരു ഉദാഹരണം കൂടിയാണിത്. നാലു വോട്ടിന്നുവേണ്ടി അനീതികൾക്കും അന്യായങ്ങൾക്കും ധിക്കാരങ്ങൾക്കും മുന്നിൽ മുട്ടുമടക്കുന്ന തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്നറുതി വരുത്തിയാൽത്തന്നെ അനാചാരങ്ങൾക്കും ദുരാചാരങ്ങൾക്കും അറുതി വരുത്താൻ കഴിയും. രാഷ്ട്രീയ കക്ഷികൾക്കിടയിൽ ഇത്തരം കാര്യങ്ങളിൽ ഒരു സമവായമുണ്ടാകേണ്ടത് ഒരാവശ്യമാണ്. ❑

# ബിസിനസ്സിലും സംവരണം നടപ്പാക്കണം

**- രാജീന്ദർ സച്ചാർ -**

സ്വകാര്യ മേഖലയിൽ ജോലി സംവരണമേർപ്പെടുത്തുന്നതു സംബന്ധിച്ച് സജീവമെങ്കിലും അജ്ഞതാവിലസിതമായ ഒരു ചർച്ച ഇപ്പോൾ നടന്നു വരുന്നുണ്ട്. അറ്റോർണി ജനറൽ പ്രകടിപ്പിച്ച ഒരു നിയമാഭിപ്രായം ഈ വിവാദത്തിന്ന് മൂർച്ച കൂട്ടുകയുംചെയ്തു. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സ്വകാര്യമേഖലയിൽ സംവരണമേർപ്പെടുത്തണമെങ്കിൽ ഭരണഘടന ഭേദഗതി ചെയ്യേണ്ടിവരുമെന്ന് അറ്റോർണി ജനറൽപറയുന്നു. ഈ അഭിപ്രായത്തോട് എനിക്ക് യോജിക്കാനാവില്ല. ജോലി സംവരണത്തിന്ന് നാം ഇത്രയും ഊന്നൽ നൽകുന്നത് നമ്മുടെ നാടുവാഴിത്തമനോഭാവത്തിന്റെ ഫലമാണ്. പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും ഒരു ഓഫീസ് ജോലി ലഭിക്കുന്നത് ഏറ്റവും വലിയ നേട്ടമായി കരുതപ്പെടുന്നു. ജോലിക്കാര്യം പ്രധാനമാണെങ്കിലും ദളിതുകൾ നടത്തേണ്ട യഥാർത്ഥപോരാട്ടം മറ്റൊരിടത്താണെന്ന് എനിക്ക് തോന്നുന്നു. ഇപ്പോൾ വികസിതമായിക്കൊണ്ടിരിക്കുന്ന ബിസിനസ്സ് രംഗത്തായിരിക്കണം ആ പോരാട്ടം; പ്രത്യേകിച്ചും ഉടമസ്ഥതാതലത്തിൽ.

ഈ സാഹചര്യത്തിൽ ഞാൻ ഒരു ബദൽ നിർദ്ദേശം അവതരിപ്പിക്കാം. ഇത് കയ്യോടെ നടപ്പാക്കാവുന്നതാണ്. അതിന്ന് ഭരണഘടനയൊന്നും ഭേദഗതി ചെയ്യേണ്ടതുമില്ല. ദളിതുകൾക്ക് ഇതു സമ്പദ്സമൃദ്ധിയുണ്ടാക്കും; അംഗീകാരം ലഭിക്കും; അവസരങ്ങൾ പ്രദാനം ചെയ്യും. സ്വകാര്യമേഖലയിലെ തൊഴിലവസരത്തിന്റെ കാര്യം മാത്രമല്ല പറയുന്നത്. വളർന്നുകൊണ്ടേയിരിക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഒരോഹരിനേടാനും ദളിതുകൾക്ക് അവസരം ലഭിക്കും.

കേന്ദ്രഗവർമ്മേണ്ടും സംസ്ഥാനഗവർമ്മേണ്ടുകളും കൊല്ലംതോറും ആയിരമായിരം കോടിരൂപയുടെ മരാമത്തുപണികൾ നടത്തുന്നുണ്ട്. ഇതൊക്കെ സ്വകാര്യമേഖലക്ക് കരാർ നൽകുകയാണുചെയ്യുന്നത്. സർക്കാർ കെട്ടിടങ്ങളുടെ പണി സ്വകാര്യമേഖലയാണുചെയ്യുന്നത്. മരാമത്തു വകുപ്പിന്റെ കീഴിൽ ഒട്ടേറെ പണികളുണ്ട്. വിമാനത്താവളം നവീകരിക്കുന്നു; സ്വകാര്യവൽക്കരിക്കുന്നു. എക്സ്പ്രസ് ഹൈവേകൾ നിർമ്മിക്കുന്നു. നിലവിലുള്ള നിയമങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങി നിന്നുകൊണ്ടുതന്നെ, ദളിതുകളിൽ വലിയൊരു ഭാഗത്തെ ഇതിൽ പങ്കാളികളാക്കാൻ കഴിയുമെന്ന് എനിക്കുതോന്നുന്നു.

ഈ അവസരത്തിൽ അമേരിക്കയിലെ "പബ്ലിക് വർക്ക് എംപ്ലോയ്മെന്റ് ആക്ട് -1997" ശ്രദ്ധേയമാണ്. ഈ നിയമത്തിൽ "ന്യൂനപക്ഷ ബിസിനസ്സ്" സംബന്ധിച്ച ഒരു വകുപ്പുണ്ട്. ഇതനുസരിച്ച് അമേരിക്കയിലെ കേന്ദ്രഗവർമ്മേണ്ട് സംസ്ഥാനങ്ങൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ മരാമത്തുപണികൾക്കായി അനുവദിക്കുന്ന പണത്തിന്റെ പത്തു ശതമാനം ന്യൂനപക്ഷാംഗങ്ങളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നുള്ള സേവനത്തിന്നായോ സപ്ലൈക്കായോ വിനിയോഗിക്കണം. (അമേരിക്കയിലെ ന്യൂനപക്ഷം ജനസംഖ്യയിൽ 10 ശതമാനമാണ്) ഈ വ്യവസ്ഥയെ ചിലർ കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി. അമേരിക്കയുടെ 14-ാം ഭരണഘടനാഭേദഗതി

പ്രകാരമുള്ള തുല്യസംരക്ഷണനിയമത്തിന്റെ ലംഘനമാണ് ഈ വ്യവസ്ഥ എന്നായിരുന്നു പരാതി.( ഇന്ത്യൻ ഭരണഘടനയിൽ സമത്വത്തിനു ഉറപ്പു നൽകുന്ന 14-ാം അനുഛേദം ഈ അമേരിക്കൻ ഭേദഗതിയുടെ ചുവടുപിടിച്ചുള്ളതാണ്) ഈ പരാതി കോടതി തള്ളുകയും ന്യൂനപക്ഷ ബിസിനസ്സ് സംബന്ധിച്ച വ്യവസ്ഥ സാധുവാണെന്ന് വിധിക്കുകയും ചെയ്തു. സാമൂഹ്യമായോ സാമ്പത്തികമായോ അവശതയുള്ളവരെ ഉദ്ധരിക്കാനുള്ള നിയമം സാധുവാണെന്നും, അമേരിക്കൻ സമ്പദ് വ്യവസ്ഥയുടെ മുഖ്യധാരാ ബിസിനസ്സിൽ ന്യൂന പക്ഷക്കാർക്ക് ഫലപ്രദമായി പങ്കെടുക്കാൻ അതാവശ്യമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

സ്വകാര്യമേഖലയിൽ ഇടപെടാൻ ഭരണഘടന അനുവദിക്കില്ലെന്നവാദം അപ്രസക്തമാണ്. 44-ാം ഭരണഘടനാ ഭേദഗതിയോടെ സ്വത്തവകാശം മൗലീകാവകാശമല്ലാതായിക്കഴിഞ്ഞു. പാർലിമെന്റിൽ ഒരു ബിൽ പാസാക്കിയാൽ ആരുടെ സ്വത്തും നഷ്ടപരിഹാരം നൽകാതെ പിടിച്ചെടുക്കാമെന്നായിട്ടുണ്ട്. അതുപോലെ ഗവർമ്മേണ്ടുമായി ബിസിനസ് നടത്താൻ ആർക്കും മൗലീകാവകാശമില്ല.

അതായത് ഗവർമ്മേണ്ടുമായി ബിസിനസ് നടത്താൻ ഗവർമ്മേണ്ട് നിശ്ചയിക്കുന്ന വ്യവസ്ഥപാലിക്കണം. അതായത് ഗവർമ്മേണ്ടിൽനിന്നുകിട്ടുന്ന പണം ദളിതുകളുമായി ആനുപാതികമായിപങ്കിടണമെന്ന് വ്യവസ്ഥവയ്ക്കാൻ ഗവർമ്മേണ്ടിനു കഴിയും. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി സ്വകാര്യമേഖലക്കു വിൽക്കുമ്പോൾ ഒരോഹരി ദളിതുകൾക്ക് നൽകണമെന്ന് വ്യവസ്ഥചെയ്യാം. ഒരു കാരറുകാരനു ഗവർമ്മേണ്ടിൽനിന്നുകിട്ടുന്ന പണത്തിന്റെ ഒരു നിശ്ചിത ശതമാനം ദളിതുകൾക്ക് കീഴ്കരാറായോ തൊഴിലായോ കിട്ടണമെന്നു വയ്ക്കാം.

ഇത്തരമൊരു നടപടിക്ക് ഭരണഘടന ഭേദഗതി ചെയ്യേണ്ടതില്ലെന്നല്ല, പാർലിമെന്റിൽ ബിൽ പാസ്സാക്കേണ്ട കാര്യം പോലുമില്ല. പണം ചെലവഴിക്കാൻ ഗവർമ്മേണ്ടിനെ അധികാരപ്പെടുത്തിയിട്ടുള്ള സ്ഥിതിക്ക്, അതിലൊരുഭാഗം ദളിതുകൾ വഴിയാകണമെന്ന് ഗവർമ്മേണ്ടിന്ന് ഒരു എക്സിക്യൂട്ടീവ് ഓർഡർമുഖേന വ്യവസ്ഥചെയ്യാം. അമേരിക്കയിൽ ചെയ്തത് അതാണ്. ഭരണഘടനയുടെ 46-ാം അനുഛേദത്തിൽ അനുശാസിക്കുന്നതുപോലെ, പാവങ്ങളുടെ, പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ, സാമ്പത്തിക ഉദ്ധാരണമെന്നത് ഒരു ഭരണഘടനാലക്ഷ്യമാണ്. തൊഴിലാളികൾക്കും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും അവരുടെ സാമ്പത്തിക സ്ഥിതി ഉദ്ധരിക്കാൻ കഴിവുണ്ടാക്കുന്നത് അടിസ്ഥാനപരമായ മനുഷ്യാവകാശവും മൗലികാവകാശവുമാണ്.

അമേരിക്കൻ സുപ്രീംകോടതിയേക്കാൾ എത്രയോ പുരോഗമനോന്മുഖവും സാധുക്കളോട് ആഭിമുഖ്യമുള്ളതുമാണ് നമ്മുടെ സുപ്രീംകോടതി. സാധുക്കളുടെ ഉന്നതിക്കായുള്ള നടപടികളെ വെല്ലുവിളിച്ചാൽ കോടതി അതു തിരസ്കരിക്കുമെന്നതിൽ എനിക്കു സംശയമില്ല. എന്നാൽ അതിനേക്കാളെല്ലാം പ്രധാനപ്പെട്ടപ്രശ്നം മറ്റൊന്നാണ്- നമ്മുടെ കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകൾക്ക് ബിഗ് ബിസിനസ്സിന്റെ സംഘടിതശക്തിയെ നേരിടാനുള്ള രാഷ്ട്രീയ ഇഛാശക്തിയും നിശ്ചയദാർഢ്യവും ഉണ്ടോ എന്നതാണ്.

ദളിതുകളുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിയിൽ യഥാർത്ഥമായും മാറ്റം വരണമെങ്കിൽ, അവർക്കു തൊഴിലിൽ മാത്രമല്ല ബിസിനസ്സിലും അവസരം പ്രദാനം ചെയ്യേണ്ടതുണ്ടെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

(ദൽഹി ഹൈക്കോടതി ചീഫ് ജസ്റ്റീസായി വിരമിച്ച ആളാണ് ലേഖകൻ)

❑

# ഒരു "സമാധാനസേന"യുടെ പരാക്രമങ്ങൾ

**- രാജേന്ദ്ര കെ. ശൈൽ -**

**ഛ**ത്തീസ് ഗഡിലെ 16 ജില്ലകളിലൊന്നാണ് ദന്തേവാര. ഒരാഭ്യന്തരയുദ്ധത്തിന്റെ പ്രതീതിയാണിപ്പോൾ അവിടെയുള്ളത്. ഇത് അയൽജില്ലകളിലേക്ക് പടരാം. അല്ലെങ്കിൽ മാവോയിസ്റ്റുകളുടെ സ്വാധീനത്തിലുള്ള ജില്ലകളിലേക്ക് വ്യാപിക്കാം. "സൽവജൂഡൂം" (സമാധാനപ്രസ്ഥാനം) എന്നൊരു സേനയാണിതിന്റെയെല്ലാം പിന്നിൽ. നക്ഷലിസത്തെ അമർത്തലാണ് തങ്ങളുടെ ലക്ഷ്യമെന്ന് സൽവജൂഡൂം പറയുന്നു.

സൽവജൂഡൂം ഒരു സമാധാനപ്രസ്ഥാനമാണെന്ന് സർക്കാരും പത്രങ്ങളും പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത് സർക്കാർ സംഘടിപ്പിച്ച ഒരു നക്ഷൽ വിരുദ്ധ പ്രസ്ഥാനമാണ്. ഛത്തീസ്ഗഡ് സംസ്ഥാനത്തിന്റെ തെക്കെ അറ്റത്ത് കിടക്കുന്ന ജില്ലയാണ് ദന്തേവാര. ഈ ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് മഹാരാഷ്ട്രവും തെക്ക് ആന്ധ്രയും കിഴക്ക് ഒറീസ്സയുമാണ്. ഈ നാലു സംസ്ഥാനങ്ങളും ഒന്നിക്കുന്ന ദന്തേവാര ഒരു കാട്ടുപ്രദേശവും മാവോയിസ്റ്റുകളുടെ താവളവുമാണ്.

ദന്തേവാരയിൽ നടക്കുന്ന അതിക്രമങ്ങളെപറ്റി ഈയിടെ ഒരു പൗരസമിതി ഒരന്വേഷണം നടത്തുകയുണ്ടായി. സിവിൽ ലിബർട്ടീസ് യൂണിയൻ (PUCL) ഡെമോക്രാറ്റിക് റൈറ്റ്സ് യൂണിയൻ (PUDR) പീപ്പിൾസ് ലോയേഴ്സ് അസോസിയേഷൻ (IALP) തുടങ്ങിയ സംഘടനകളിൽനിന്നുള്ള 14 പേരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്. ബി.ജെ.പി. യുടെ നിയന്ത്രണത്തിലുള്ള ഭരണസംവിധാനം ജനങ്ങൾക്കെതിരെ ഒരു ഭീകരഭരണം അഴിച്ചുവിട്ടിരിക്കുന്നതായി ഇവരുടെറിപ്പോർട്ടിൽ പറയുന്നു.

സൽവജൂഡൂമിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അടിസ്ഥാനപരമായ മൂന്നു വസ്തുതകൾ റിപ്പോർട്ടിൽചൂണ്ടിക്കാണിച്ചിട്ടുണ്ട് -

1. സൽവജൂഡൂം ഒരു ജനകീയ പ്രസ്ഥാനമല്ല; മാവോയിസ്റ്റുകൾക്കെതിരായി സംസ്ഥാനഗവർമ്മേണ്ട് സംഘടിപ്പിച്ചിട്ടുള്ള ഒരു എതിർ സംഘടനയാണ്.

2. മാവോയിസ്റ്റുകാരും സൽവജൂഡൂംകാരും തമ്മിലുള്ള പോരിന്നിടയിൽ സാധാരണക്കാർ കുടുങ്ങിപ്പോകുന്നു എന്നു പറയുന്നത് ശരിയല്ല. മാവോയിസ്റ്റുകൾക്ക് വമ്പിച്ച ജനപിന്തുണയുണ്ട്. ഗ്രാമങ്ങളിൽ ജനങ്ങൾ ഉള്ളേടത്തോളം കാലം മാവോയിസ്റ്റുകളെ ഒറ്റപ്പെടുത്താനാവില്ല. അതിനാൽ ഗവർമ്മേണ്ട് ഗ്രാമങ്ങളെയെല്ലാം ചുട്ടുനശിപ്പിക്കുകയാണ്. ആയിരക്കണക്കിന്നു ജനങ്ങൾ വഴിയരികിൽ അഭയാർത്ഥികളായി കഴിയുന്നുണ്ട്.

3. മാവോയിസ്റ്റുകൾക്കെതിരായ നടപടികൾ സാർവ്വത്രികമായ അക്രമത്തിന്നിടയാക്കിയിരുന്നു. എന്നാൽ മാവോയിസ്റ്റുകളുടെ അതിക്രമങ്ങൾ മാത്രമേ പുറത്തറിയുന്നുള്ളൂ. നിയമവാഴ്ച പാടെ തകർന്നിരിക്കുന്നു.

ഇൻഡിപെൻഡന്റ് സിറ്റിസൻസ് ഇനീഷ്യേറ്റീവിന്റെ ഒരു ആറംഗസംഘം ഛത്തീസ് ഗഡിൽപര്യടനം നടത്തിയ ശേഷം കഴിഞ്ഞ ജൂലായിൽ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. മാവോയിസ്റ്റുകളെ സൈനികമായി

നേരിടാനുള്ള ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് സംസ്ഥാനഗവർമ്മേണ്ട് ജനങ്ങളെ മാവോയിസ്റ്റുകൾക്കെതിരെ അണിനിരത്തുകയാണെന്ന് അതിൽ പറയുന്നു. ക്രമസമാധാനപാലനത്തിന്റെ ചുമതല മീശമുളക്കാത്ത, പരിശീലനം ലഭിക്കാത്ത, ഉത്തരവാദിത്വബോധമില്ലാത്ത കുട്ടികളുടെ കയ്യിൽ വച്ചുകൊടുത്തത് സ്വീകാര്യമല്ലെന്നും അതിൽ പറഞ്ഞിട്ടുണ്ട്.

സർക്കാർ കണക്കനുസരിച്ച് 27 ദുരിതാശ്വാസ ക്യാമ്പുകളിലായി 45,958 പേർ അഭയാർത്ഥികളായി കഴിയുന്നുണ്ട്. അനൗദ്യോഗിക കണക്കനുസരിച്ചാണെങ്കിൽ അഭയാർത്ഥികൾ 70,000 വരും. ഈ ദുരിതാശ്വാസ ക്യാമ്പുകളിൽ സ്പെഷൽ പോലീസ് ഓഫീസർ എന്നപേരിൽ ചിലരെ നിയമിച്ചിട്ടുണ്ട്. ഇവരിലധികവും ബി.ജെ.പി.ക്കാരാണ് പിന്നീട് പോലീസിൽ സ്ഥിരപ്പെടുത്താമെന്ന വാഗ്ദത്തത്തോടെ നിയമിക്കപ്പെട്ടവരാണിവർ. ഇവർക്കുമാസം 1,500 രൂപ കൂലി നൽകുന്നു. തോക്ക് ഉപയോഗിക്കാൻ ഇവരെ പരിശീലിപ്പിക്കുന്നുണ്ട്.

സൽവജൂഡൂമിൽപെട്ടവർ പോലീസിന്റെ ഒത്താശയോടെ നടത്തുന്ന അതിക്രമങ്ങൾ പുറത്തുവരാറില്ല. വീടുകൾ കൊള്ളയടിക്കുക, തീവച്ചുനശിപ്പിക്കുക, സ്ത്രീകളെ ബലാത്സംഗം ചെയ്യുക,ചെറുക്കുന്നവരെ കൊന്നുകളയുക എന്നിവയൊക്കെ ഇതിൽപെടും. മാവോയിസ്റ്റുകൾ പ്രസിദ്ധീകരിച്ച പത്രക്കുറിപ്പനുസരിച്ച് 2006 മാർച്ചിന്നകം 116 പേരെ കൊന്നിട്ടുണ്ട്. 91 ഗ്രാമങ്ങൾ അക്രമത്തിന്നരയായി. 1857 വീടുകൾ തീ വച്ചു നശിപ്പിച്ചു. 25 സ്ത്രീകൾ കൂട്ടബലാത്സംഗത്തിന്നരയായി. കലക്ടറുടെ റിപ്പോർട്ടനുസരിച്ച് മാവോയിസ്റ്റുകൾ 64 സിവിലിയൻമാരെ കൊന്നിട്ടുണ്ട്. പോലീസും മാവോയിസ്റ്റുകളും തമ്മിൽ നടന്ന സംഘടനങ്ങളിൽ 72 പോലീസുകാരും 30 മാവോയിസ്റ്റുകാരും മരിച്ചിട്ടുണ്ടെന്ന് പത്ര റിപ്പോർട്ടുകളിൽ കാണുന്നു. ❑

---

## നിയമക്കോടതികൾ .........

ചോറ്റുപട്ടാളത്തെപ്പോലെ പെരുമാറുന്ന പോലീസ് സേനയെ ഒരു സ്വതന്ത്ര സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്നത് നാടിന്നൊരനുഗ്രഹമായിരിക്കും. അതെല്ലാം ശരിതന്നെ പക്ഷെ കാതലായ ചോദ്യം മറ്റൊന്നാണ്. ഇത്തരത്തിൽ ഒരു കലപന നൽകാൻ കോടതി ഏതു നിയമത്തെയാണ് ആശ്രയിച്ചത്.

ഈ ലോകത്തിൽ ഒട്ടേറെ നല്ല കാര്യങ്ങളുണ്ട്. ഗവർമ്മേണ്ട് അതെല്ലാം ചെയ്യണമെന്ന് കോടതികൾക്ക് കല്പിക്കാനാവില്ല. ഗവർമ്മേണ്ടുകൾക്ക് പല പരിമിതികളുമുണ്ട്. കാസർകോട്ടുനിന്ന് തിരുവനന്തപുരം വരെ "പറക്കാൻ" പറ്റിയ ഒരു എക്സിപ്രസ് ഹൈവേ നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും കോടതിയിൽ ഹർജി സമർപ്പിച്ചേക്കും. കാര്യം നല്ലതാണ്. അതുകൊണ്ടുമാത്രം അതിന്നു കല്പിക്കാൻ കോടതിക്കാവില്ല. അതിന്നുള്ള പണമുണ്ടോ? ജനങ്ങൾ അതു സമ്മതിക്കുമോ? അതു പ്രായോഗികമാണോ? അതെല്ലാം തീരുമാനിക്കേണ്ടത് ഗവർമ്മേണ്ടാണ്.

പ്രശ്നം ഇതാണ്. കോടതികൾ ഭരണഘടനയുടെ മൂന്നു സൃഷ്ടികളിൽ ഒന്നുമാത്രമാണ്. മൂന്നിനും അതിന്റേതായ അധികാരപരിധി നിശ്ചയിച്ചിട്ടുമുണ്ട്. പാർലിമെന്റോ ഗവർമെണ്ടോ പരാജയപ്പെടുന്നിടത്ത്, അതിന്നുപകരംവയ്ക്കാവുന്നതല്ല കോടതി. പരാജയപ്പെട്ടവരെ ശിക്ഷിക്കാനുള്ള അധികാരം ജനങ്ങൾക്കാണ്. ❑

# ജനപ്രതിനിധികൾക്കൊരു ശമ്പളകമ്മീഷൻ

**- എരാ ചെഴിയൻ -**

**എ**ം.പി.മാരുടെ പ്രതിമാസ ശമ്പളം 400 ക.യായും ദിനബത്ത 21 ക.യായും നിശ്ചിച്ചുകൊണ്ടൊരു ബിൽ 1954-ൽ പാർലിമെന്റ് പാസാക്കി. ഈ നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ തയ്യാറാക്കാൻ പാർലിമെന്റിന്റെ ഇരുസഭകളിൽനിന്നുമുള്ള അംഗങ്ങളടങ്ങിയ ഒരു സംയുക്ത പാർലിമെന്ററി കമ്മിറ്റിയെ നിയമിച്ചു. സ്പീക്കർ നോമിനേറ്റ് ചെയ്യുന്ന പത്ത് ലോകസഭാംഗങ്ങളും രാജ്യസഭാ ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന അഞ്ചു രാജ്യസഭാംഗങ്ങളും അടങ്ങിയതാണ് ഈ കമ്മിറ്റി.

വളരെ അസാധാരണമായൊരു നടപടിക്രമമാണ് ഈ സംയുക്ത പാർലിമെന്ററി കമ്മിറ്റിയുടെ കാര്യത്തിലുള്ളത്. കമ്മിറ്റിയുടെ നടപടി ക്രമം തീരുമാനിക്കാൻ കമ്മിറ്റിക്കുതന്നെയാണ് അധികാരം നൽകിയിട്ടുള്ളത്.

കമ്മിറ്റിയുടെ റിപ്പോർട്ടുകൾ പാർലമെന്റിനു സമർപ്പിക്കില്ല. രാജ്യസഭാ ചെയർമാനും ലോകസഭാ സ്പീക്കറും അംഗീകരിക്കുകയും ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്താൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുമെന്നാണ് നിയമത്തിൽ പറയുന്നത്. കമ്മിറ്റിയുടെ റിപ്പോർട്ട് പാർലമെന്റിൽ അവതരിപ്പിക്കാത്തതിനാൽ, കമ്മിറ്റിയുടെ നിർദേശങ്ങളെന്താണെന്ന് എം.പി.മാർക്കറിയാൻ മാർഗമൊന്നുമില്ല. എന്തു പശ്ചാത്തല വിവരങ്ങളാണ് ശേഖരിച്ചതെന്നോ എന്തു മാനദണ്ഡമാണ് സ്വീകരിച്ചതെന്നോ, കമ്മിറ്റിയുടെ നിർദേശങ്ങളിൽ ഏതെല്ലാമാണ് ഗവൺമെന്റ് സ്വീകരിച്ചതെന്നോ എം.പി.മാർ അറിയില്ല.

സാധാരണയായി ഒരു ബിൽ സെലക്ട് കമ്മിറ്റിയോ സ്റ്റാൻഡിംഗ് കമ്മിറ്റിക്കോ വിട്ടാൽ, ആ കമ്മിറ്റിക്കു തെളിവെടുപ്പ് നടത്താം. വിദഗ്ധന്മാർ, പൗരപ്രമുഖന്മാർ തുടങ്ങിയവരോടെല്ലാം അഭിപ്രായം ആരായാം. അവസാനം കമ്മിറ്റിയുടെ റിപ്പോർട്ട് പാർലിമെന്റിനു സമർപ്പിക്കും. അപ്പോൾ ആരോടെല്ലാം കൂടിയാലോചിച്ചു, ഏതെല്ലാം നിർദ്ദേശങ്ങൾ പരിഗണിച്ചു, ഏതൊരു മാനദണ്ഡം വച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത് എന്നെല്ലാം പാർലിമെന്റ് അംഗങ്ങൾക്ക് അപ്പോൾ മനസ്സിലാക്കാൻ കഴിയും.

എന്നാൽ എം.പി.മാരുടെ ശമ്പളം സംബന്ധിച്ച സംയുക്ത കമ്മിറ്റിയുടെ കാര്യത്തിൽ എല്ലാം രഹസ്യമാണ്. എന്തുകൊണ്ടാണ് സംയുക്ത കമ്മിറ്റിയുടെ ചർച്ചകളും നിർദേശങ്ങളുമെല്ലാം രഹസ്യമാക്കി വയ്ക്കുന്നതെന്നറിയില്ല.

എം.പി.മാരുടെ ശമ്പളവും അലവൻസും വർധിപ്പിക്കാനുള്ള ബിൽ പാർലിമെന്ററി കാര്യമന്ത്രി പ്രിയരഞ്ജൻദാസ് മുൻഷി ആഗസ്ത് 23നാണ് ലോക്സഭയിൽ അവതരിപ്പിച്ചത്. 'ലോകത്തിൽ ഏറ്റവും കുറഞ്ഞ ശമ്പളം പറ്റുന്ന എം.പി.മാർ ഇന്ത്യിലേതാണെന്നു കാണിക്കുന്ന ഒരു പട്ടിക സംയുക്ത കമ്മിറ്റിയുടെ റിപ്പോർട്ടിലുണ്ടെന്നു മന്ത്രി അപ്പോൾ പറയുകയുണ്ടായി. ഒരു മന്ത്രിയോ എം.പി.യോ ഏതെങ്കിലും രേഖ ഉദ്ധരിച്ചു സംസാരിച്ചാൽ, ആ രേഖ മേശപ്പുറത്തുവയ്ക്കാൻ ആവശ്യപ്പെടാമെന്നു ലോകസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടത്തിൽ പറയുന്നുണ്ട്. അതിനാൽ സംയുക്ത കമ്മിറ്റിയുടെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ ആവശ്യപ്പെടാവുന്നതാണ്. അതല്ലെങ്കിൽ വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്കും സംയുക്ത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ

പൂർണ്ണ രൂപം ആവശ്യപ്പെടാവുന്ന താണ്. എം.പി.മാരുടെ ശമ്പളവും അല വൻസുകളും നിശ്ചയിക്കാൻ അവലം ബിച്ച മാനദണ്ഡവും ഗവൺമെന്റു മായി നടത്തിയ കൂടിയാലോചനകളുടെ വിവരവും പരസ്യപ്പെടുത്താൻ പാർലി മെന്റ് തയാറാകേണ്ടതാണ്.

**അമേരിക്കയിൽ:**

അമേരിക്കയിൽ 1789ൽ ആറു ഡോള റാണ് ജനപ്രതിനികൾക്ക് ദിനബത്ത യായി നിശ്ചയിച്ചത് കൊല്ലത്തിൽ ഏതാണ്ട് 150 ദിവസം കോൺഗ്രസ് സമ്മേളിക്കും. ഫലത്തിൽ ഏതാണ്ട് 1000 ഡോളറാണ് ഒരു ജനപ്രതിനിധിക്ക് കൊല്ലത്തിൽ കിട്ടുക. ഒരു സാധാരണ ക്കാരന്റെ വാർഷിക വരുമാനത്തേക്കാൾ കൂടുതലാണിതെന്ന് പറഞ്ഞ് ജനങ്ങൾ ഇതിൽ പ്രതിഷേധിച്ചു.

1816ൽ ജനപ്രതിനിധികൾക്ക് ശമ്പളം നൽകാൻ കോൺഗ്രസ് തീരുമാനിച്ചു. കൊല്ലത്തിൽ 1500 ഡോളറാണ് ശമ്പള മായി നിശ്ചയിച്ചത്. ഇത് വോട്ടർമാരെ വല്ലാതെ ക്ഷോഭിപ്പിച്ചു. അടുത്ത തിര ഞ്ഞെടുപ്പിൽ ഒട്ടേറെ ജനപ്രതി നിധികളെ വോട്ടർമാർ തോല്പിച്ചുവിട്ടു. തന്മൂലം ശമ്പളപദ്ധതി ഉപേക്ഷിക്കു കയും ദിനബത്താ സമ്പ്രദായം പുന:സ്ഥാപിതമാക്കുകയും ചെയ്തു.

ഇങ്ങനെയെല്ലാമാണെങ്കിലും പിന്നീട് ജനപ്രതിനിധികൾക്ക് ശമ്പളസമ്പ്രദായം തന്നെ ഏർപ്പെടുത്തി. ജനപ്രതിനിധി കൾ സ്വന്തം ശമ്പളം സ്വയം വർധിപ്പി ക്കുന്നതിൽ വ്യാപകമായ പ്രതിഷേധമു ണ്ടായതിനെ തുടർന്ന് 1992ൽ പുതി യൊരു നിയമം കൊണ്ടുവന്നു. ഇതനു സരിച്ച് ജനപ്രതിനിധികളുടെ ശമ്പളം വർധിപ്പിക്കാൻ ജനപ്രതിനിധികൾ ഏക കണ്ഠമായി തീരുമാനിച്ചാൽപോലും അതിന്റെ ഫലം അവർക്ക് അനുഭവി ക്കാനാവില്ല. അടുത്ത തിരഞ്ഞെടുപ്പിനു ശേഷം നിലവിൽവരുന്ന കോൺഗ്ര സിലെ അംഗങ്ങൾക്ക് മാത്രമേ ശമ്പള വർധനയുടെ ഗുണം കിട്ടൂ.

**ബ്രിട്ടനിൽ:**

എം.പി.മാർ സ്വന്തം ശമ്പളം വർധി പ്പിക്കാൻ സ്വയം വോട്ടുചെയ്യുന്ന ഏർപ്പാടിനെതിരെ വ്യാപകമായ വിമർശനം ഉയർന്നതിനെത്തുടർന്ന് 1971ൽ ബ്രിട്ടിനിൽ ഒരു ശമ്പളകമ്മിറ്റിയെ നിയമിക്കുകയുണ്ടായി. എം.പി.മാരുടെ മാത്രമല്ല, മന്ത്രിമാർ, സൈനിക മേധാ വിമാർ, ജഡ്ജിമാർ തുടങ്ങിയ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവരുടെ യെല്ലാം ശമ്പളനിരക്ക് ഈ കമ്മിറ്റി യാണ് പരിശോധിക്കുക. കമ്മിറ്റിയിൽ എം.പി.മാർ ഉണ്ടാകില്ല. ജഡ്ജിമാരായും മാനേജ്മെന്റ് വിദഗ്ധരായും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരായിരിക്കും ശമ്പള കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റി ജനങ്ങളിൽനിന്നും മറ്റും തെളിവെടുത്ത ശേഷം പ്രധാനമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കും; പ്രധാനമന്ത്രി അത് ഒരു ബില്ലിന്റെ രൂപത്തിൽ പാർലിമെന്റിൽ അവതരിപ്പിക്കും. പാർലിമെന്റ് അത് വിശദമായ ചർച്ചക്കു വിധേയമാക്കും.

ഇന്ത്യയിലും ഇതുപോലെ ഒരു ശമ്പ ളകമ്മീഷനെ നിയമിക്കണമെന്ന നിർദേശം ഉയർന്നുവന്നിരുന്നു. കഴിഞ്ഞ മേയിൽ ലോകസഭാ സ്പീക്കർ സോമ നാഥ് ചാറ്റർജി തന്നെ ഇത്തരമൊരാ വശ്യം പ്രധാനമന്ത്രി മുമ്പാകെ ഉന്നയി ക്കുകയുണ്ടായി. ഇത്തവണ ശമ്പള ബിൽ ചർച്ച ചെയ്ത അവസരത്തിൽ എം.പി.മാരുടെ ശമ്പള പരിഷ്ക്കരണ ത്തിന് ഒരു 'സ്ഥിരം സംവിധാനം' ഉണ്ടാക്കുമെന്ന് മന്ത്രി മുൻഷി ഉറപ്പു നൽകുകയുണ്ടായി. പക്ഷേ, ഇതിനു മുമ്പും ഇങ്ങനെ ഉറപ്പു നൽകിയിരുന്നു.

1993ൽ നരസിംഹറാവു പ്രധാനമന്ത്രി യായിരിക്കേ നിയമിതമായ സംയുക്ത പാർലിമെന്ററി കമ്മിറ്റിയുടെ അന്വേഷ ണവിഷയങ്ങളിലൊന്ന് ഒരു ശമ്പളകമ്മീ ഷനെ നിയമിക്കുന്ന കാര്യമായിരുന്നു. പക്ഷേ, കമ്മിറ്റിയുടെ റിപ്പോർട്ടിൽ അക്കാര്യം മാത്രം പരാമർശിച്ചിട്ടില്ല.

(ഫ്രണ്ട് ലൈനിൽനിന്ന് സംഗ്രഹിച്ചത്)

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# ഇന്ത്യയിൽ പുതുതായി 400 നാട്ടുരാജ്യങ്ങൾ

ബ്രിട്ടീഷിന്ത്യയിൽ 600 നാട്ടുരാജ്യങ്ങളാണുണ്ടായിരുന്നത്. ഹൈദരാബാദ്പോലെ പടുകൂറ്റൻ രാജ്യങ്ങളും കൊച്ചിരാജ്യത്തെപ്പോലുള്ള ചെറിയ രാജ്യങ്ങളും ഇതിൽ പെട്ടിരുന്നു.

ഇപ്പോഴിതാ മൻമോഹൻ സിങ്ങിന്റെ ഗവർമ്മേണ്ട് ഇന്ത്യയിൽ 400 നാട്ടുരാജ്യങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. 400 എന്നത് ഒരവസാന കണക്കല്ല. കാശുള്ള ആർക്കും പുതിയൊരു രാജ്യം ഉണ്ടാക്കിക്കൊടുക്കാൻ ഗവർമ്മേണ്ട് തയ്യാറാണ് – പ്രത്യേക സാമ്പത്തികമേഖല എന്നു പേരിട്ടാൽമതി.

റിലയൻസ് കമ്പനി മഹാരാഷ്ട്രത്തിൽ സ്ഥാപിക്കുന്ന 35000 ഏക്കറിന്റെ പ്രത്യേക സാമ്പത്തിക മേഖലയാണ് ഇവയിൽ ഏറ്റവും വലിയത്. ഹരിയാനയിൽ 25000 ഏക്കറിന്റെ ഒരു മേഖലയും ഇവർ സ്ഥാപിക്കുന്നുണ്ട്.

ഈ സാമ്പത്തികമേഖലകൾ കൊച്ചു റിപ്പബ്ലിക്കുകളാണ്. ഇന്ത്യയുടെ നിയമങ്ങളിൽ പലതും ഇവർക്കു ബാധകമല്ല. വ്യാപാര കാര്യങ്ങളിൽ ഇവയെ "വിദേശ"മായി കണക്കാക്കും. ഗവർമ്മേണ്ടിന്ന് നികുതി നൽകേണ്ട. 1) ഇറക്കുമതിക്ക് ലൈസൻസ് വേണ്ട. 2) കസ്റ്റംസ് ഡ്യൂട്ടി ബാധകമല്ല. 3) മൂലധനവസ്തുക്കൾക്കും അസംസ്കൃത പദാർത്ഥങ്ങൾക്കും എക്സൈസ് നികുതി ചുമത്തില്ല. 4) അഞ്ചു കൊല്ലത്തേക്ക് ഒരു പൈസപോലും ആദായനികുതി അടക്കേണ്ട. 5) നിർമ്മാണ വ്യവസായമാണെങ്കിൽ നൂറു ശതമാനവും വിദേശമൂലധനമാകാം. 6) ചെറുകിട വ്യവസായങ്ങൾക്ക് സംവരണം ചെയ്ത വ്യവസായങ്ങളിൽ വിദേശ മൂലധനത്തിന്ന്പരിധിയില്ല; ലൈസൻസും വേണ്ട.

കേന്ദ്രഗവർമ്മേണ്ട് ഇതിന്നകം 212 പ്രത്യേക സാമ്പത്തികമേഖലകൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിന്നു പുറമെ 132 എണ്ണത്തിന് താത്വികമായി അംഗീകാരം നൽകിയിട്ടുണ്ട്. ഇവക്കെല്ലാം പുറമെ 200ൽപരം നിർദ്ദേശങ്ങൾ പരിഗണനയിലുമുണ്ട്.

ഇവയിൽ അംഗീകാരം നൽകിക്കഴിഞ്ഞവക്ക് 27000 ഹെക്ടർ ഭൂമി അക്വയർ ചെയ്തുനൽകും; താത്വികമായ അംഗീകരിച്ചുകഴിഞ്ഞവക്ക് 75000 ഹെക്ടർ വേണ്ടിവരും.

വിവിധ സംസ്ഥാനങ്ങളിൽ സ്ഥാപിക്കാൻപോകുന്ന പ്രത്യേക സാമ്പത്തികമേഖലകളുടെ എണ്ണം താഴെ ചേർക്കുന്നു.

| സംസ്ഥാനം | അംഗീകരിച്ചത് | താത്വികമായി അംഗീകരിച്ചത് |
|---|---|---|
| മഹാരാഷ്ട്രം | 39 | 24 |
| ആന്ധ്ര | 29 | -- |
| തമിഴ്നാട് | 20 | 7 |
| ഹരിയാന | 11 | 23 |
| കർണ്ണാടകം | 21 | 15 |
| ഗുജറാത്ത് | 13 | 7 |
| ഒറീസ | 4 | 8 |

ഇവയ്ക്കുപുറമെ ഉത്തരപ്രദേശിൽ ഒമ്പതെണ്ണത്തിന്നും ബംഗാളിൽ അഞ്ചെണ്ണത്തിന്നും കേരളത്തിൽ എട്ടെണ്ണത്തിന്നും തീരുമാനമായിട്ടുണ്ട്.

ഏക്കറിന് നാല്പതുലക്ഷം രൂപ കമ്പോളവിലയുണ്ടെന്നിരിക്കെ ഗവർമ്മേണ്ട് ഏക്കറിന്ന് രണ്ടരലക്ഷം രൂപ നിശ്ചയിച്ചാണ് അക്വിസിഷൻ നടത്തുന്നതെന്ന് കർഷകർ പരാതിപ്പെടുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

വരിസംഖ്യ – ആയുഷ്കാലം : 1000 ക.